
# ആദിത്യകിരണം



# എ.വി.ഗവൺമെന്റ് എച്ച്.എസ് തഴവ
# കരുനാഗപ്പള്ളി

**ആദിത്യ കിരണം 2018**

# LK/2018/41035

## STATEMENT OF OWNERSHIP AND PARTICULARS

| | |
|---|---|
| **Title** | : ആദിത്യകിരണം |
| **Place** | : THAZHAVA |
| **Periodicity of Publication** | : ANNUAL |
| **Publisher's Name** | : SALIM SHAH A K |
| **Nationality** | : INDIAN |
| **Address** | :A.V.G.H.S THAZHAVA |
| **Editors** | :LK/2018/41035 MEMBERS |

**I Salim Shah A K, hereby declare that the particulars given above are true to the best of my knowledge and belief.**



**പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായ ഹൈടെക് ക്ലാസ് മുറികൾക്ക് ശക്തി പകരുന്ന കൈറ്റ് കൊല്ലത്തിനും വിദ്യാഭ്യാസ വകുപ്പിനും ആദിത്യ വിലാസം സ്കൂളിനും നല്ലവരായ ഇ-വായനക്കാർക്കും വേണ്ടി**


**..................................................................................................**

# സമർപ്പണം

# STUDENT EDITOR

വിദ്യാലയം എന്ന നാലക്ഷരം കൊണ്ട് അവസാനിക്കുന്നതല്ല തഴവ ആദിത്യ വിലാസം ഗവൺമെന്റ് ഹൈസ്കൂൾ . ആദിത്യൻ  എന്ന വാക്കിൽ നിന്നും അത് നമുക്ക് മനസ്സിലാക്കാൻ കഴിയും. തഴവ ഗ്രാമത്തിന് അജ്ഞതയുടെ അന്ധകാരത്തിൽ നിന്നും അറിവിന്റെ വെളിച്ചമേകുന്നത്  തഴവയുടെ സ്വന്തം ആദിത്യവിലാസമാണ്.
'ആദിത്യകിരണം' എന്ന ഈ മാഗസിൻ അതിന്റെ ഏറ്റവും ഉദാത്തമായ ഒരു മാതൃകയാണ്. ഈ ഒരു മാഗസിൻ ഇത്തരത്തിൽ മെച്ചപ്പെടുത്താൻ കഴിഞ്ഞതിന് കാരണം ആദിത്യന്റെ സ്വന്തം അദ്ധ്യാപകരാണ്. കുരുന്നു മനസ്സിന്റെ അടിത്തട്ടിൽ അണഞ്ഞു കിടക്കുന്ന തീക്കനൽ ഒരു കാട്ടുതീ പോലെ അവരുടെ മനസ്സിൽ ആദിത്യനിലെ അദ്ധ്യാപകർ പടർത്തുന്നു.
കുട്ടികളുടെ കഴിവുകളനുസരിച്ച് ആ കഴിവുകളിലേക്ക് അവരെ അദ്ധ്യാപകർ പ്രാപ്തരാക്കുന്നു. ഇങ്ങനെ ഓരോ കുരുന്നു മനസ്സിലെയും വ്യത്യസ്തമായ രചനാ പാടവങ്ങളും അത് ചൊരിഞ്ഞു നൽകുന്ന അദ്ധ്യാപകരുടെയും രചനാ പാടവങ്ങളാണ് ഈ മാഗസിനിൽ ഉൽപ്പെടുത്തിയിട്ടുള്ളത്.

ഇനിയും ആദിത്യനിലെ അദ്ധ്യാപകർക്കും വിദ്യാർഥികൾക്കും ഇതുപോലെ മറ്റു കൃതികൾ രചിക്കുവാനും അതുപോലെ തന്നെ ആ നിലയിൽ അവർ ഉന്നതരാവുകയും അതിലൂടെ വരും തലമുറക്ക് അതൊരു പ്രചോദനമാവുകയും ചെയ്യട്ടെ എന്ന് ആശംസിക്കുന്നു.



BY
EDITOR

Kasinath A.

പ്രിയപ്പെട്ടവരെ,



നമ്മുടെ സ്കൂളിലെ ലിറ്റിൽകൈറ്റ്സ് യൂണിറ്റിന്റെ നേതൃത്വത്തിൽ ഒരു ഇ-മാഗസിൻ തയ്യാറാക്കപ്പെട്ടത് നമുക്കേവർക്കും അഭിമാനം നല്കുന്ന ഒന്നാണ്. കുരുന്നു മനസ്സുകളിലെ സാഹിത്യ വാസനകളെ വെളിച്ചം കാണിക്കാൻ ആദിത്യകിരണത്തിന് കഴിഞ്ഞിട്ടുണ്ട്. കുട്ടികൾ തന്നെയാണ് ഇതിന്റെ എല്ലാ പ്രവർത്തനങ്ങളും നടത്തിയിട്ടുള്ളത്. ഇതിലെ ഓരോ താളിലും എ.വി.എച്ച്.എസിന്റെ കലാസ്പന്ദനങ്ങൾ നേരിട്ടനുഭവിക്കാൻ കഴിയും. അക്ഷരകൂട്ടങ്ങളിലൂടെ, ചിത്രങ്ങളിലൂടെ കടന്നുപോകുമ്പോൾ നാം കാലത്തിന്റെ സുവർണ ഏടുകൾ പിന്നിടുന്നു.കടന്നു വന്ന വഴിത്താരകൾ, പിന്നിട്ട ജയങ്ങൾ.....ഒക്കെയും ലാളിത്യത്തോടെ ഉൾക്കൊള്ളിക്കാൻ ആദിത്യകിരണം നടത്തിയ ശ്രമങ്ങളെ അഭിമാനത്തോടെ അംഗീകരിക്കുന്നു. ഇനി വിധികർത്താക്കൾ വായനക്കാരാണ്.

ആശംസകളോടെ.......

സലീംഷാ എ. കെ
ഹെഡ്മാസ്റ്റർ

# ഞങ്ങളുടെ വിദ്യാലയം


കൊല്ലം ജില്ലാപഞ്ചായത്ത്, കരുനാഗപ്പള്ളി ഉപജില്ല.
എ.വി.ഗവ:ഹൈസ്കൂൾ, തഴവ.
മലയാളം & ഇംഗ്ലീഷ് മീഡിയം
മികവുത്സവം 2018
കലോത്സവം
SCHOOL HERBAL GARDEN
3K NAVAL NCC UNIT KOLLAM

# OUR LEADING LIGHT



SALIM SHAH A K

# OUR P T A PRESIDENT

## സന്ദേശം

'**ആദിത്യകിരണം**' എന്ന ഇ-മാഗസിൻ ലിറ്റിൽ കൈറ്റ്സ് യൂണിറ്റിന്റെ പഠനപ്രവർത്തനം എന്നതിലുപരി പ്രകൃതിസംരക്ഷണത്തിന് പ്രാധാന്യം നൽകുന്നു. കടലാസ് രഹിത മാഗസിൻ ആകുന്നതോടെ മരങ്ങളെ നശിപ്പിക്കുന്നത് തടയാനും അതുണ്ടാക്കുന്ന അന്തരീക്ഷ മലിനീകരണം കുറയ്ക്കാനും സഹായിക്കും എന്നതിൽ സംശയമില്ല. മാത്രമല്ല ആദിത്യവിലാസത്തിന്റെ മികവുകൾ എന്നും സൂക്ഷിക്കപ്പെടാവുന്ന രീതിയിലേക്ക് മാറുന്നു എന്നത് സന്തോഷകരമാണ്. ആദിത്യകിരണത്തിന് എല്ലാവിധ നന്മകളും നേരുന്നു.

പി.ടി.എ. പ്രസിഡന്റ്,

**കെ.സതീശൻ**



# സന്ദേശം

ഏറെ സന്തോഷം. അക്ഷരങ്ങളുടെ മായിക പ്രപഞ്ചമായി കുരുന്നുകളുടെ ഭാവനകൾ വിടരുകയാണ് ഇ-പുസ്തകത്തിന്റെ താളുകളിൽ..

നിറമുള്ള... നിലാവു പരക്കുന്ന സൃഷ്ടികളിലൂടെ പുതിയ ചരിത്രം ഉയരട്ടെ..

നമ്മുടെ വിദ്യാലയത്തിന് പകിട്ടും പ്രൗഢിയും വർദ്ധിക്കാൻ ഈ സംരംഭത്തിലൂടെ ഇടയാകട്ടെയെന്ന് ആശംസിക്കുന്നു.



അക്ഷര സ്നേഹത്തോടെ

ഷിബു.എസ്.തൊടിയൂർ

**SMC ചെയർമാൻ**

# സന്ദേശം

ലിറ്റിൽ കൈറ്റ്സിന്റെ നേതൃത്വത്തിൽ നടത്തിയ ഈ സംരംഭത്തിന് എല്ലാ വിധത്തിലുമുള്ള ആശിർവാദങ്ങളും നൽകുന്നു. തുടർന്ന് നമ്മുടെ വരുന്ന തലമുറക്ക് ഇത് പ്രചോദനം നൽകുകയും മാർഗ്ഗദീപം ആകാനും ഉതകട്ടെ എന്ന് ആശംസിക്കുന്നു.



## സന്ദേശം

കേരളത്തിലെ വിദ്യാഭ്യാസ മേഖലയിലെ വളർച്ചയുടെ പടവുകളിലെ ഒരു പൊൻതൂവലാണ് ലിറ്റിൽ കൈറ്റ്സ് യൂണിറ്റ്. വിവര-സാങ്കേതിക വിദ്യയിൽ മികവ് വർദ്ധിപ്പിക്കുക എന്നതാണ് ഇതിന്റെ ലക്ഷ്യം. തഴവ, ആദിത്യവിലാസം ഗവ: ഹൈസ്കൂളിൽ 2017-18 ലാണ് ആദ്യമായി ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് ആരംഭിച്ചത്. ഈ യൂണിറ്റിന്റെ ആദ്യത്തെ ഇ-മാഗസിൻ ആണ് '**ആദിത്യകിരണം**'.



വിദ്യാർത്ഥികളുടെ സർഗ്ഗവാസനകൾ പരിപോഷിപ്പിക്കുവാനുള്ള വേദിയൊരുക്കലാണ് ഇ-മാഗസിന്റെ ലക്ഷ്യം. മലയാളം, ഇംഗ്ലീഷ്, ഹിന്ദി ഭാഷകളിലെ രചനകളാണ് ഇതിലുൾപ്പെടുത്തിയിട്ടുള്ളത് കഥ, കവിത, യാത്രാവിവരണം, ലേഖനം തുടങ്ങിയവും ശാസ്ത്രവിഷയങ്ങളിൽ അവബോധം ഉളവാക്കുന്ന ലേഖനങ്ങളും പൊതുവിജ്ഞാനം വർദ്ധിപ്പിക്കുന്ന തരത്തിലുള്ള ചോദ്യോത്തരങ്ങളും, പരമ്പരാഗത ചിത്രരചനകളും, ഡിജിറ്റൽ പെയിന്റിങ്ങുകളും ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

സ്കൂളിലെ ആദ്യത്തെ സംരംഭം എന്ന നിലയിൽ ഏറെ പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ടാണ് ഈ മാഗസിൻ തയ്യാറാക്കിയത്. എല്ലാവരുടെയും പ്രാർത്ഥനയും സഹകരണവും പ്രതീക്ഷിച്ചുകൊണ്ട് ഓരോരുത്തരുടെയും അറിവിലേക്ക് ഞങ്ങൾ വിനയപൂർവ്വം സമർപ്പിക്കുന്നു.

സ്റ്റാഫ് എഡിറ്റർ,

**വിധുമോൾ എം.**

# ലിറ്റിൽ കൈറ്റ്സ് മാസ്റ്റേഴ്സ് ...

**നിർമ്മിത ബുദ്ധി ഭരിക്കുന്ന ഈ കാലത്ത് കുട്ടികളെ പ്രാപ്തരാക്കാൻ കൈറ്റ് നടത്തുന്ന ലിറ്റിൽകൈറ്റ്സിൽ ഉൾപ്പെടാൻ കഴിഞ്ഞത് വലിയ ഭാഗ്യമായി കരുതുന്നു. മലയാളം ടൈപ്പിംഗ് എന്ന പ്രവർത്തനവുമായി ബന്ധപ്പെട്ട് ഇ-മാഗസിൻ നിർമ്മാണം വലിയ ആവേശത്തോടെയാണ് കുട്ടികൾ ഏറ്റെടുത്തത്. സ്കൂളിന്റെ മികവുകൾ ഉൾപ്പെടുത്താനുള്ള ഒരവസരമാക്കി അവർ ഇ-മാഗസിനെ കണ്ടു. കൂടാതെ മലയാളം ടൈപ്പിംഗ് വേഗവും താൽപര്യവും കുട്ടികളിൽ ഉണ്ടായി എന്നത് എടുത്തുപറയേണ്ട നേട്ടമായി ഞങ്ങൾ കാണുന്നു. അതോടൊപ്പം അവർ പരിചയിച്ച പല സോഫ്റ്റ്‌വെയറുകളും ഉപയോഗപ്പെടുത്തുന്നതിലും കൂടുതൽ മനസ്സിലാക്കാനും ഇത് വഴി കഴിഞ്ഞു. ആദിത്യവിലാസത്തിന്റെ യശസ്സ് ഉയർത്താൻ ആദിത്യകിരണത്തിന് കഴിയട്ടെ എന്ന് ഞങ്ങൾ ആത്മാർത്ഥമായി പ്രാർത്ഥിക്കുന്നു.**

**സ്നേഹത്തോടെ...........**



അംബിക എസ്



**രശ്മി ആർ മോഹൻ**

# LITTLE Kites.........

**LEADER**



**DEPUTY LEADER**





# INDEX

2018-19 അധ്യയന വർഷം പത്രതാളുകളിൽ................16
മാറുന്ന ലോകം മാറുന്ന എ.വി.ജി.എച്ച്.എസ്................20
പുനർജ്ജനി................21
ശുദ്ധി കലശം................22
വരകളിലൂടെ................25
ആലപ്പാടിനു വേണ്ടി................27
HOLY MOTHERHOOD................29
സംസ്ഥാന അദ്ധ്യാപക അവാർഡ് ജേതാവ് ശ്രീ. സി.രാജേന്ദ്രൻ സാറുമായുള്ള അഭിമുഖം................31
ഒരു കൊച്ച് പൂവിൻ നൊമ്പരം................33
ആദ്യാക്ഷരം................34
കേരങ്ങളുടെ കേരളം................36
മരണം................37
നന്നായി................38
അഗ്നി ഹോമം................39
അഹങ്കാരം തീർന്നു................40
Do you know?................41
*MY PET*................42
വഴിത്താരയിലെ സ്വാന്തനം................43
MY FRIEND................44
മാഞ്ഞുപഴയഓർമ്മ................45
പ്രകൃതി സംരക്ഷണം................46
ഉുക്കം................47
पेड................48
സൗഹൃദം................49
Can you guess?................50
ഉൽപാദനവും രാജ്യവും................51
October 2................52
Can it be................53
ആറ്റക്കിളിക്കൊരു താരാട്ട്................54
Beauty of Mathematics................56
വേമ്പനാടിന്റെ ഓളപ്പരപ്പിൽ ഒരു ദിനം................57

കാത്തിരിപ്പ്.......................................................................................................................................60
ക്രൂരനായ കരടിയുടെ ക്രൂരത മാറ്റിയ എലി....................................................................................................61

# 2018-19 അധ്യയന വർഷം പത്രതാളുകളിൽ.....



## മികവിന്റെ പാതയിൽ മക്കളേയും ചേർത്തുപിടിച്ച് ഒരുകൂട്ടം അധ്യാപകർ

തഴവ: പൊതുവിദ്യാലയങ്ങൾ മികവിന്റെപാതയിലൂടെ സഞ്ചരിക്കുമ്പോൾ അതിന് മേന്മകൂട്ടുകയാണ് തഴവാ ആദിത്യവിലാസം ഗവ. ഹൈസ്കൂളിലെ അധ്യാപകർ. വിദൂരങ്ങളിൽനിന്ന് വരുന്ന അധ്യാപകർ പോലും മക്കളെ സ്കൂളിൽ ചേർത്ത് മറ്റ് അധ്യാപകർക്ക് മാതൃകയാവുകയാണ്.

പൊതുവിദ്യാലങ്ങളെല്ലാം ഹൈടെക്കാകുകയും അക്കാദമിക് സംവിധാനങ്ങൾ മെച്ചപ്പെടുകയും ചെയ്യുമ്പോൾ സ്വന്തം മക്കളെ സി.ബി.എസ്.ഇ, ഐ.സി.എസ്.ഇ സ്കൂളുകളിൽ വിടേണ്ടതില്ല എന്ന ഉറച്ച തീരുമാനമാണ് അധ്യാപകർ. അംബിക, വിജയലക്ഷ്മി, സ്മിത, ഷീജ, റീനു, ബത്തീറ, ഐറിൻ, സജീന, രശ്മി ആർ. മോഹൻ, ദീപലേഖ, കവിത, ജാസ്മിൻ, ജീജ, സന്തോഷ്, വിജയകുമാർ, റെജി എന്നീ 16 അധ്യാപകരുടേയും ഒരു ഓഫിസ് സ്റ്റാഫിന്റെയും മക്കൾ ഈ സ്കൂളിലാണ് പഠിക്കുന്നത്. മുൻവർഷങ്ങളിൽ കുറച്ച് അധ്യാപകരുടെ മക്കൾ ഇവിടെ പഠിക്കുന്നുണ്ടായിരുന്നു. ഈ അധ്യയനവർഷത്തിൽ ആരുടേയും പ്രേരണയില്ലാതെ മറ്റ് അധ്യാപകരും മക്കളെ സ്വന്തം സ്കൂളിൽ ചേർക്കുകയായിരുന്നു.

അധ്യാപകരുടെ തീരുമാനം വലിയ ചലനമാണ് സമൂഹത്തിലുണ്ടാക്കിയത്. 355 കുട്ടികളാണ് ഈ അധ്യയന വർഷം പുതുതായി സ്കൂളിലെത്തിയത്. ഇതിൽ നല്ലൊരു ശതമാനം കുട്ടികളും സ്വകാര്യ അൺ എയ്ഡഡ് സ്കൂളുകളിൽ നിന്നാണ്. കുട്ടികളുടെ എണ്ണം വർധിച്ചതോടെ ഹൈസ്കൂൾ വിഭാഗത്തിലും യു.പി വിഭാഗത്തിലും ഓരോ ഡിവിഷൻ കൂടുകയും അറബിക് വിഭാഗത്തിൽ ഒരു തസ്തികകൂടി അധികമുണ്ടാവുകയും ചെയ്തു. പ്രവർത്തനമികവ് പരിഗണിച്ച് മികവിന്റെ വിദ്യാലയമായി സ്കൂളിനെ സർക്കാർ തെരഞ്ഞെടുത്തിട്ടുണ്ട്.

പുതുതായി കെട്ടിട സമുച്ചയം നിർമിക്കുന്നതിന് 4.64 കോടിയുടെ പദ്ധതിക്ക് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. ഇതിൽ മൂന്ന് കോടി സർക്കാർ നൽകും. ബാക്കി തുകയായ 1.64 കോടി പി.ടി.എ ആണ് കണ്ടെത്തേണ്ടത്. ഹൈസ്കൂൾ ക്ലാസ് മുറികളെല്ലാം ഹൈടെക് നിലവാരത്തിലാക്കിയിട്ടുണ്ട്.

യു.പി ക്ലാസുകളും ഹൈടെക് ആക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. എ.കെ. സലിം ഷാ ഹെഡ്മാസ്റ്ററായി വന്നതോടെ എല്ലാവരേയും ഏകോപിപിച്ചു കൊണ്ടുള്ള പ്രവർത്തനമാണ് സ്കൂളിൽ നടന്നുവരുന്നത്.

*തഴവ ആദിത്യവിലാസം ഗവ. ഹൈസ്കൂൾ*



പരിസ്ഥിതി സംരക്ഷണ ദിനാഘോഷത്തിൽ തഴവ ആദിത്യവിലാസം ഗവ. ഹൈസ്കൂളിലെ 101 കുട്ടികൾ ചേർന്ന് ഒരുക്കിയ പരിസ്ഥിതി നൃത്തശിൽപം



## തഴവ എ.വി.എച്ച്.എസിന് കെട്ടിടം നിർമിക്കാൻ 25 ലക്ഷം നൽകും-ആർ.രാമചന്ദ്രൻ



## വായനദിനത്തിൽ തൂലികമരം നിർമിച്ച് തഴവയിലെ കുട്ടികൾ



## വിദ്യാരംഗം കലാസാഹിത്യ വേദി ഉദ്ഘാടനം

കരുനാഗപ്പള്ളി

തഴവ എ വി ഗവ. എച്ച്എസിൽ വിദ്യാരംഗം കലാസാഹിത്യ വേദി ഉദ്ഘാടനവും കൈയെഴുത്ത് മാസിക പ്രകാശനവും കവി ഇഞ്ചക്കാട് ബാലചന്ദ്രൻ നിർവഹിച്ചു.പിടിഎ പ്രസിഡൻറ് കെ സതീശൻ അധ്യക്ഷനായി. ഹെഡ്മാസ്റ്റർ എ കെ സലിംഷ സ്വാഗതം പറഞ്ഞു. എസ് എം സി ചെയർമാൻ പൊണാൽ നന്ദകു മാർ, സീനിയർ അസി. ഷീല എം എസ് ,സ്റ്റാഫ് സെക്രട്ടറി എൻ കെ വിജയകുമാർ, റെജി എസ് തഴവ, വിധുമോൾ എന്നിവർ സംസാരിച്ചു.



## തഴവയുടെ പേരു കാക്കാൻ...

തഴവ ● തൊഴിലിലൂടെ പഠനം എന്ന ഗാന്ധിയൻ ആശയം നടപ്പിലാക്കുന്നതിന്റെ ഭാഗമായി തഴവയുടെ പൈതൃകമായ തഴ ഉൽപന്ന നിർമാണ പരിശീലനവുമായി ആദിത്യവിലാസം ഗവ.ഹൈസ്കൂളിലെ മലയാള മനോരമ നല്ലപാഠം യൂണിറ്റ്. ഗാന്ധിജയന്തിയോടനുബന്ധിച്ചുള്ള പ്രവർത്തനങ്ങളുടെ ഭാഗമായാണിത്.

കരവിരുതിന്റെ കലയായ തഴ ഉൽപന്നങ്ങളുടെ നിർമാണ കലവറയായിരുന്നു തഴവ. ഇന്ന് അവയൊക്കെ അന്യംനിന്നു പോവുകയാണ്. പിടിഎ അംഗവും തഴപ്പായ നിർമാണ വിദഗ്ധയുമായ ചെല്ലമ്മ, ഷീല ജഗധരൻ, ചിത്രകലാ അധ്യാപകനും സംസ്ഥാന അധ്യാപക അവാർഡ് ജേതാവുമായ സി.രാജേന്ദ്രൻ എന്നിവർ പരിശീലനത്തിനു നേതൃത്വം നൽകി. പരിശീലനം ഹെഡ്മാസ്റ്റർ എ.കെ.സലിംഷാ ഉദ്ഘാടനം ചെയ്തു. പിടിഎ പ്രസിഡന്റ് കെ.സതീശൻ, എസ്എംസി ചെയർമാൻ പോണാൽ നന്ദകുമാർ, അധ്യാപകരായ ആർ.പത്മകുമാർ, എം.എസ്.ഷീല, എൻ.കെ.വിജയകുമാർ, ആർ.സന്തോഷ്കുമാർ, നല്ലപാഠം കോഓർഡിനേറ്റർമാരായ ആർ.മിനി, എസ്.ഐറിൻ എന്നിവർ പങ്കെടുത്തു.



# പ്രകൃതിയെ അടുത്തറിയാൻ കുട്ടികളുടെ 'നേച്ചർ വാക്ക്'

ഓച്ചിറ ► പ്രകൃതിയെ അടുത്തറിയുക എന്ന ലക്ഷ്യത്തോടെ തഴവ ആദിത്യവിലാസം ഗവ. ഹൈസ്കൂളിലെ കുട്ടികൾ ആയിരംതെങ്ങിലെ കണ്ടൽക്കാടുകൾ സന്ദർശിച്ചു. അഞ്ചാം ക്ലാസിലെ നൂറുപേരടങ്ങുന്ന സംഘം രണ്ടു മണിക്കൂറോളം കണ്ടൽക്കാട്ടിനുള്ളിൽ ചെലവഴിച്ചു. തുടർന്ന് കുട്ടികൾ കണ്ടൽ-നീർത്തട സംരക്ഷണ പ്രതിജ്ഞയെടുത്തു.

പ്രകൃതിയുടെ ശ്വാസകോശങ്ങളായ കണ്ടലുകളെക്കുറിച്ച് അധ്യാപകൻ ആർ.സന്തോഷ് കുമാർ ക്ലാസെടുത്തു. ഹെഡ്മാസ്റ്റർ എ.കെ.സലിംഷ, എസ്.എം.സി. ചെയർമാൻ പോണാൽ നന്ദകുമാർ, അധ്യാപകരായ എൻ.കെ.വിജയകുമാർ, എസ്. റെജി, അനില, രശ്മി ആർ.മോഹൻ, സജിന, അഹമ്മദ് ബഷീർ, ശ്രുതി എന്നിവർ നേതൃത്വം നൽകി.

▶ തഴവ ആദിത്യവിലാസം ഗവ. ഹൈസ്കൂളിലെ കുട്ടികൾ ആയിരംതെങ്ങിലെ കണ്ടൽക്കാട് സന്ദർശിച്ചപ്പോൾ



## ഹൈടെക് ക്ലാസ് റൂം ഉദ്ഘാടനം

തഴവ: തഴവ ആദിത്യവിലാസം ഗവ.ഹൈസ്കൂളിലെ ഹൈടെക് ക്ലാസ്റൂമിന്റെ ഉദ്ഘാടനവും അവാർഡ്ദാനവും 21 ന് ഉച്ചയ്ക്ക് രണ്ടിന് സ്കൂൾ ഓഡിറ്റോറിയത്തിൽ നടക്കും. പൊതുസമ്മേളനവും അവാർഡ്ദാനവും ആർ. രാമചന്ദ്രൻ എം. എൽ. എ. ഉദ്ഘാടനം ചെയ്യും. പി. ടി. എ. പ്രസിഡന്റ് കെ. സതീശൻ അദ്ധ്യക്ഷത വഹിക്കും. ഹൈടെക് ക്ലാസ്മുറികളുടെ ഉദ്ഘാടനം ജില്ലാ പഞ്ചായത്ത് അംഗം ശ്രീലേഖാ വേണുഗോപാലും ലിറ്റിൽ കൈറ്റ്സ് ഉദ്ഘാടനം പഞ്ചായത്ത് പ്രസിഡന്റ് എസ്. ശ്രീലതയും വിവിധ അവാർഡുകളുടെ വിതരണം സി. ആർ. മഹേഷ്, സീനാ നവാസ്, ബിജു പാഞ്ചജന്യം, ആനി പൊൻ, വിപിൻ മുക്കേൽ, എൽ. ഗംഗകുമാർ, പോണാൽ നന്ദകുമാർ എന്നിവരും നിർവഹിക്കുമെന്ന് ഹെഡ്മാസ്റ്റർ എ. കെ. സലിംഷ അറിയിച്ചു.



സംസ്ഥാന സ്കൂൾ ശാസ്ത്രമേളയിൽ ടീച്ചിങ് എയ്ഡ് വിഭാഗത്തിൽ എ ഗ്രേഡ് നേടിയ ഇ. ഷീജ (അധ്യാപിക, എ.വി. ഗവ. എച്ച്. എസ്, തഴവ)



**ദേവകിരൺ**
**മോണോ ആക്ട് സ്റ്റേറ്റ് എ ഗ്രേഡ്**

# മുപ്പത്തിരണ്ടാം തവണയും എവിജിഎച്ച്എസ് ഓവറോൾ നില നിർത്തി


കരുനാഗപ്പള്ളി: കരുനാഗപ്പള്ളി വിദ്യാഭ്യാസ ഉപജില്ലാ കലോത്സവത്തിൽ എച്ച്എസ് (ജനറൽ) വിഭാഗത്തിൽ തുടർച്ചയായി 32 ാം തവണയും തഴവ ആദിത്യ വിലാസം ഗവ.ഹൈസ്കൂളിന് ഓവറാൾ ചാമ്പ്യൻഷിപ്പ്. 210 പോയിന്റ് നേടിയാണ് സ്കൂൾ ഓവറാൾ പട്ടം കരസ്ഥമാക്കിയത്.

194 പോയിന്റ് നേടിയ അയണിവേലിക്കുളങ്ങര ജെഎഫ്കെഎംവിഎച്ച്എസ്എസിനാണ് രണ്ടാം സ്ഥാനം. 191 പോയിന്റ് നേടിയ കരുനാഗപ്പള്ളി ഗവ. മോഡൽ എച്ച്എസ്എസിനാണ് മൂന്നാം സ്ഥാനം.

എച്ച്എസ്എസ് (ജനറൽ) വിഭാഗത്തിൽ 212 പോയിന്റ് നേടിയ കരുനാഗപ്പള്ളി ബോയിസ് എച്ച് എസസ്എസിനാണ് ഓവറാൾ കിരീടം. 207 പോയിന്റ് നേടിയ തഴവ ഗവ: ഗേൾസ് ഹയർ സെക്കന്ററി സ്കൂളിന് രണ്ടാം സ്ഥാനവും 189 പോയിന്റ് നേടിയ തഴവ ബിജെഎസ്എം മഠത്തിൽ എച്ച്എസ്എസിന് മൂന്നാം സ്ഥാനവും ലഭിച്ചു.

എച്ച്എസ് വിഭാഗം സംസ്കൃത കലോത്സവത്തിൽ 90 പോയിന്റ് നേടി പാവുമ്പാ എച്ച്എസ് ഒന്നാം സ്ഥാനം കരസ്ഥമാക്കി. 71 പോയിന്റ് നേടിയ കരുനാഗപ്പള്ളി ഗേൾസ് എച്ച്എസിന് രണ്ടാം സ്ഥാനവും 31 പോയിന്റ് നേടിയ കരുനാഗപ്പള്ളി ബിഎച്ച്എസ്എസിനാണ് മൂന്നാം സ്ഥാനം.

എച്ച്എസ് വിഭാഗം അറബിക് കലോത്സവത്തിൽ 85 പോയിന്റ് നേടിയ പാവുമ്പാ എച്ച്എസിന് ഒന്നാം സ്ഥാനവും 81 പോയിന്റ് നേടിയ കരുനാഗപ്പള്ളി ഗവ. മോഡൽ എച്ച്എസ്എസിന് രണ്ടാം സ്ഥാനവും 71 പോയിന്റ് നേടിയ തഴവ ഗവ. ഗേൾസ് എച്ച്എസ്എസിന് മൂന്നാം സ്ഥാനവും ലഭിച്ചു.



ചടയമംഗലം ഗവ.എംജിഎച്ച്എസ്എസി മഹോത്സവം ജില്ലാപഞ്ചായത്ത് ക്ഷേമ എസ് രമാദേവി ഉദ്ഘാടനം ചെയ്യുന്നു

## വിളവെടുപ്പ് മഹോത്സവം

ചടയമംഗലം: ഗവ.എംജിഎച്ച്എസ്എസിൽ കാർഷിക ക്ലബ്ബിന്റെ നേതൃത്വത്തിൽ നടത്തിയിരുന്ന കൃഷിയുടെ വിളവെടുപ്പ് മഹോത്സവം ജില്ലാപഞ്ചായത്ത് ക്ഷേമകാര്യ ചെയർപേഴ്സൺ ഇ എസ് രമാദേവി ഉദ്ഘാടനം ചെയ്തു. ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് പി



കരുനാഗപ്പള്ളി ഉപജില്ലാ കലോത്സവത്തിൽ എച്ച്എസ് (ജനറൽ) വിഭാഗത്തിൽ തുടർച്ചയായി 32 ാം വർഷവും ഓവറാൾ ചാമ്പ്യൻഷിപ്പ് കരസ്ഥമാക്കിയ തഴവ ആദിത്യവിലാസം ഗവ. ഹൈസ്കൂൾ ടീം



ഹൈസ്കൂൾ വിഭാഗം നാടൻപാട്ടിൽ എ ഗ്രേഡ് നേടിയ തഴവ എ.വി.ഗവ.എച്ച്എസിലെ വിദ്യാർത്ഥികൾ

നേടിയ കൊല്ലം ക്രിസതുരാജ എച്ച്എസ്എസിലെ എസ്. ഭാഗ്യലക്ഷ്മി.




ഹൈസ്കൂൾ വിഭാഗം ഒപ്പനയിൽ എ ഗ്രേഡ് നേടിയ കൊല്ലം തഴവ ആദിത്യ വിലാസം ബോയ്സ് എച്ച്എസ്എസ്.

മാനങ്ങളുമായി

നറുക്കെടുപ്പ് വിജയികൾ



എച്ച്.എസ്.വിഭാഗം ചാക്യാർ കൂത്തിൽ എ-ഗ്രേഡ് ലഭിച്ച അമൽരാജ് (എ.വി.ഗവ. ബി.എച്ച്.എസ്., തഴവ)



അറബിക് പദ്യപാരായണത്തിൽ എ ഗ്രേഡ് നേടിയ ബിസ്മിമോൾ (എ.വി. ഗവ. എച്ച്.എസ്., തഴവ)



QP KLM

2018 സെപ്റ്റംബർ 02 • ഞായറാഴ്ച മാതൃഭൂമി

നാട്ടുവർത്തമാനം 13

അവാർഡ്തുക ദുരിതാശ്വാസനിധിയിലേക്ക്

## ശാസ്ത്രത്തെ ചിത്രകലയുമായി സമന്വയിപ്പിച്ച സി.രാജേന്ദ്രന് അധ്യാപക അവാർഡ്

ഓച്ചിറ ▸ ശാസ്ത്രതത്ത്വങ്ങളെ ചിത്രകലയുമായി സമന്വയിപ്പിച്ച് അധ്യാപനം നടത്തുന്ന തഴവ ആദിത്യവിലാസം ഗവ. ഹൈസ്കൂളിലെ ചിത്രകലാധ്യാപകൻ സി. രാജേന്ദ്രന് സംസ്ഥാന സർക്കാരിന്റെ അധ്യാപക അവാർഡ്. ശില്പിയും ചിത്രകാരനുമായ രാജേന്ദ്രന് 35 വർഷത്തെ അധ്യാപന പാരമ്പര്യമാണുള്ളത്.

രാജേന്ദ്രന്റെ ചിത്രങ്ങളിലും ശില്പങ്ങളിലുമെല്ലാം ശാസ്ത്രത്തോടും പ്രകൃതിയോടുമുള്ള അതിരറ്റ സ്നേഹവും അവയുടെ നിലനിൽപ്പിന്റെ ആവശ്യകതയുമാണ് വിളംബരം ചെയ്യുന്നത്.

ഈ മേഖലകളിലെ വിവിധ പ്രവർത്തനങ്ങൾക്ക് നിരവധി അവാർഡുകളും അംഗീകാരങ്ങളും ലഭിച്ചിട്ടുണ്ട്.

സി.രാജേന്ദ്രൻ രചനയും സംവിധാനവും നിർവഹിച്ച് തഴവ ആദിത്യവിലാസം ഗവ. ഹൈസ്കൂളിലെ കുട്ടികൾ അഭിനയിച്ച ആറ്റത്തെക്കുറിച്ചുള്ള ശാസ്ത്രനാടകമായ 'ഒത്തിരി വലിയ ഇത്തിരിക്കുഞ്ഞ'ന് ദേശീയ ശാസ്ത്രനാടക മത്സരത്തിൽ ഒന്നാംസ്ഥാനം ലഭിച്ചിട്ടുണ്ട്.

സി.രാജേന്ദ്രൻ

സംസ്ഥാന കലാസാഹിത്യസമിതി അവാർഡ്, വിദ്യാരംഗം കലാസാഹിത്യവേദി അവാർഡ്, സംസ്ഥാന ഉപഭോക്തൃസമിതി സംഘടിപ്പിച്ച നാടകമത്സരത്തിൽ ഏറ്റവും നല്ല സംവിധായകനുള്ള പുരസ്കാരം, കെ.എം.എ.ലത്തീഫ് പ്രതിഭാപുരസ്കാരം തുടങ്ങിയവ ലഭിച്ചിട്ടുണ്ട്.

എസ്.സി.ഇ.ആർ.ടി. പാഠപുസ്തകത്തിന്റെ ചിത്രരചനയിൽ 12 വർഷമായി പ്രവർത്തിക്കുന്നു. കലാധ്യാപക പരിശീലനത്തിലെ സ്റ്റേറ്റ് റിസോഴ്സ് പേഴ്സണായും പ്രവർത്തിക്കുന്നു.

കരുനാഗപ്പള്ളി ബോയ്സ് ഹയർ സെക്കൻഡറി സ്കൂളിൽ മുപ്പതടി പൊക്കത്തിൽ നിർമിച്ച 'ജീവതാള'മെന്ന ശില്പവും സി.രാജേന്ദ്രന്റെ കരവിരുതിലാണ് ജന്മമെടുത്തത്. മുഖ്യമന്ത്രി പിണറായി വിജയനാണ് ശില്പം അനാവരണം ചെയ്തത്. ചടങ്ങിൽവെച്ച് ശില്പിയെ മുഖ്യമന്ത്രി ആദരിക്കുകയും ചെയ്തു.

നൂറോളം കുട്ടികളെ അണിനിരത്തിയുള്ള ചലിക്കുന്ന ത്രിവർണപതാക, മൺകൂനയിൽ തീർത്ത ചന്ദ്രോപരിതലം, പഠനസാമഗ്രികൾകൊണ്ടുള്ള അത്തക്കളം തുടങ്ങിയ പ്രവർത്തനങ്ങൾ കുട്ടികളുടെയും സഹാധ്യാപകരുടെയും പ്രശംസയ്ക്ക് പാത്രമായിട്ടുണ്ട്. അവാർഡ് തുക മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് നൽകുമെന്ന് സി.രാജേന്ദ്രൻ പറഞ്ഞു.

ഓച്ചിറ ചങ്ങൻകുളങ്ങര എസ്.ആർ.വി.യു.പി.സ്കൂളിലെ അധ്യാപിക ജി.അജിതകുമാരിയാണ് ഭാര്യ. അർജുൻരാജ് (എൻജിനീയറിങ് വിദ്യാർഥി), ആനന്ദരാജ് (പ്ലസ്ടു വിദ്യാർഥി) എന്നിവർ മക്കളാണ്.



ഹൈസ്കൂൾ വിഭാഗത്തിൽ ജില്ലയിലെ ഏറ്റവും മികച്ച പി.ടി.എക്കുള്ള അവാർഡ് മുകേഷ് എം.എൽ.എയിൽനിന്ന് പ്രധാനാധ്യാപകൻ എ.കെ. സലിംഷാ ഏറ്റുവാങ്ങുന്നു

## തഴവ എ.വി.ഗവ. ഹൈസ്കൂളിന് മികച്ച പി.ടി.എക്കുള്ള അവാർഡ്

● റവന്യൂ ജില്ലയിലെ മികച്ച പി.ടി.എക്ക് 60,000 രൂപയും സർട്ടിഫിക്കറ്റും കൊല്ലം വിദ്യാഭ്യാസ ജില്ലയിലെ വിജയത്തിന് 25,000 രൂപയും സർട്ടിഫിക്കറ്റുമാണ് ലഭിച്ചത്

**തഴവ:** ഹൈസ്കൂൾ വിഭാഗത്തിൽ വിദ്യാഭ്യാസ ജില്ലയിലെയും റവന്യൂ ജില്ലയിലെ മികച്ച പി.ടി.എക്കുള്ള അവാർഡ് തഴവ ആദിത്യവിലാസം ഗവ. ഹൈസ്കൂളിന് ലഭിച്ചു. റവന്യൂ ജില്ലയിലെ മികച്ച പി.ടി.എക്ക് 60,000 രൂപയും സർട്ടിഫിക്കറ്റും കൊല്ലം വിദ്യാഭ്യാസ ജില്ലയിലെ വിജയത്തിന് 25,000 രൂപയും സർട്ടിഫിക്കറ്റുമാണ് സ്കൂളിന് ലഭിച്ചത്.

കൊല്ലം ഗവ.ടി.ടി.ഐയിൽ നടന്ന ചടങ്ങിൽ റവന്യൂ ജില്ലിയിലെ അവാർഡ് മുകേഷ് എം.എൽ.എയും കൊല്ലം വിദ്യാഭ്യാസ ജില്ലയിലെ അവാർഡ് വിദ്യാഭ്യാസ ഉപ ഡയറക്ടർ കെ.എസ്. ശ്രീകലയും സമ്മാനിച്ചു. സ്കൂൾ ഹെഡ്മാസ്റ്റർ എ.കെ. സലിംഷാ, എസ്.എം.സി ചെയർമാൻ പോണാൽ നന്ദകുമാർ, പി.ടി.എ പ്രസിഡന്റ് കെ. സതീശൻ, വൈസ് പ്രസിഡന്റ് തഴവ സമദ് എന്നിവർ ചേർന്ന് അവാർഡ് ഏറ്റുവാങ്ങി.



## റോൾപ്ലേ മത്സരത്തിൽ തഴവ എ.വി. ഗവ. ഹൈസ്കൂളിന് ഒന്നാംസ്ഥാനം

നാഷണൽ ഇംഗ്ലീഷ് റോൾ പ്ലേ മത്സരത്തിൽ വിദ്യാഭ്യാസജില്ലയിൽ ഒന്നാംസ്ഥാനം കരസ്ഥമാക്കിയ തഴവ എ.വി. ഗവ. ഹൈസ്കൂൾ ടിം കൊല്ലം ഗവ. ഗേൾസ് ഹൈസ്കൂൾ പ്രഥമാധ്യാപികയിൽ നിന്ന് സർട്ടിഫിക്കറ്റ് ഏറ്റുവാങ്ങുന്നു

ഓച്ചിറ ▸ വിദ്യാഭ്യാസവകുപ്പ് സംഘടിപ്പിച്ച നാഷണൽ റോൾ പ്ലേ (ഇംഗ്ലീഷ്) മത്സരത്തിൽ തഴവ ആദിത്യവിലാസം ഗവ. ഹൈസ്കൂളിന് കൊല്ലം വിദ്യാഭ്യാസജില്ലയിൽ ഒന്നാംസ്ഥാനം. മദ്യത്തിനും മയക്കുമരുന്നിനും അടിമപ്പെട്ട് ജീവിതം നരകതുല്യമാകുന്ന കുട്ടികളുടെ ജീവിതം ഇതിവൃത്തമാക്കി അവതരിപ്പിച്ച റോൾപ്ലേ മികച്ച നിലവാരം പുലർത്തിയതായി വിധികർത്താക്കൾ അഭിപ്രായപ്പെട്ടു. ഒൻപതാം ക്ലാസ് വിദ്യാർഥികളായ രേവതി, ദേവകിരൺ, മുഹമ്മദ് ഇഷാം, ആബേൽ സാമുവൽ മാത്യു, ദേവി, സൂര്യനാരായണൻ എന്നിവരാണ് അഭിനയിച്ചത്. കൊല്ലം ഗവ. ഗേൾസ് ഹൈസ്കൂളിൽ നടന്ന മത്സരം ജില്ലാ വിദ്യാഭ്യാസ ഓഫീസർ എസ്. സന്തോഷ് കുമാർ ഉദ്ഘാടനം ചെയ്തു. കൊല്ലം ഗവ. ഗേൾസ് ഹൈസ്കൂളിലെ പ്രഥമാധ്യാപിക ബീന സമ്മാനദാനം നിർവഹിച്ചു.

തഴവ എ.വി. ഗവ. ഹൈസ്കൂളിലെ ഹെഡ്മാസ്റ്റർ എ.കെ. സലിംഷ, അധ്യാപകരായ സി.രാജേന്ദ്രൻ, സജീന, കവിത, റീന, ധന്യ, അനീഷ്, റെജി എന്നിവർ നേതൃത്വം നൽകി.

# മാറുന്ന ലോകം മാറുന്ന എ.വി.ജി.എച്ച്.എസ്..............

## പുതിയ സ്കൂളിന്റെ മാതൃക:







# പുനർജ്ജനി

ഇതു കാവ്യമല്ലെന്റെ ക്രോധമാണ്
കേരളപ്പിറവിതൻ നാദമാണ്
മൗനമല്ലെന്റെ രൗദ്രമാണ്
ഇത് രക്തസാക്ഷിതൻ ദീനഭാവം
ചുടുകാട്ടു പോലെ എൻ ജന്മനാട്



ചുടലപ്പറമ്പുപോൽ ആവീഥികൾ
പ്രളയകെടുതിതൻ നിറവീഥിയിൽ
വിജനമായ് നാടിന്റെ ആ ഭംഗികൾ
പുഴയില്ല പൂവില്ല തണലുമില്ല
പൂക്കാമരങ്ങളും ചില്ലകളും



കിളിയില്ല കിളിതന്റ നാദമില്ല
വേദനാജനകമാം രോദനങ്ങൾ
മർത്യന്റെ ക്രൂരകൃത്യങ്ങളെല്ലാം
പ്രളയജലാശയം ഏറ്റെടുത്തു

അവിടേക്കു വന്ന ആ കടലിന്റെ മക്കളും
പ്രളയലീലയ്ക്ക് താങ്ങാകുവാൻ
ചടുലഭാവങ്ങൾക്കുമൊട്ടുവിലായി
ഈ കേരളം വീണ്ടും പുനർജനിപ്പൂ

-ദേവി

9G

## ശുദ്ധി കലശം



നീ തന്ന  ശ്വാസവും
എൻ നിശ്വാസവും...
നൊന്തു നീ തന്ന
ജന്മവും.... പിന്നെ
ജീവരക്തമായ്
എന്റെ സിരകളിൽ
നീ ജീവതാളം നിറച്ചു..
മാറോട് ചേർത്തു
നീ മുലപ്പാലിൻ
മധുരമെൻ
നാവിൽ ചാലിച്ചു
താരാട്ടു പാട്ടിന്റെ
ഈരടിയുമായ്...
പിച്ച വച്ചു ഞാൻ
നിന്റെ വിരൽ തുമ്പു താങ്ങി... നടന്നു
അന്നാദ്യമായ്..
എന്നെ ഞാൻ ആക്കിമാറ്റി നീ...
കാലത്തിൻ കൈ പിടിച്ചു ഞാൻ.....
പകരമായ്
ശുദ്ധി കലശം ചെയ്തു
നിന്നെ പടിയിറക്കി..
കനൽ കുനയിൽ കാലിടറി...
നീ അശുദ്ധി...
ഒരു തെറ്റ്...
നീ എന്റെ വിശ്വാസത്തിൽ
കരി നിഴൽ..
ഇന്നെന്റെ വഴികളിൽ ഇരുട്ട് നീ..



നിൻ  കാൽ പാദുകൾ

എന്റെ മണ്ണിൽ ശാപമായ്...
കേട്ടു പഠിച്ചോരാ നാമജപങ്ങൾ ഒക്കെയും
ഉരുവിട്ടു  ഞാൻ നാലമ്പലം ചുറ്റി വണങ്ങി ശുദ്ധികലശം

നടത്തുവാൻ...
നിന്റെ മൂലനാശം
നീയും നിന്റെ കുലവും

കാലത്തിന്റെ ശാപം....

പോവുക... തിരിഞ്ഞു നോക്കാതെ...

ഇത് എന്റെ മണ്ണ്...എന്റെ ദൈവം...

അറിയുക... നിന്റെ തെറ്റുകൾ...

നീ ഒരു വസന്തമായ്....

ഒരു പൂക്കാലമായ്...

ഒരു സ്ത്രീയായ്..

പിന്നെ എന്റെ കൂലത്തിൻ  അമ്മയായ്....

എരിയുന്നൊരാ തീക്കനൽ  വഴികളിൽ...ചിറകൊടിഞ്ഞു കേണ്

പുലമ്പിടുന്ന പക്ഷികൾ....
ജീവൻ കരിഞ്ഞുണങ്ങുന്നൊരാ ശുദ്ധി കലശം
വാഴ്വിന്റെ വന്യമാം വിളിപ്പാടകലങ്ങളിൽ
വാകീറി കരഞ്ഞിടുംബാല്യത്തിനൊരിറ്റു ചോരയായ്
ചോർന്നു വീണിടുംമാതൃഹൃദയമീ

രണ ഭൂതഗണങ്ങൾക്ക് നടുവിലായ്......

-റീന രാജ്{ഇംഗ്ലീഷ് അധ്യാപിക  എച്ച്.എസ് }

# അമ്മ



ജന്മം തന്നത് അമ്മയാണ്
പാലൂട്ടി വളർത്തിയത് അമ്മയാണ്
താരാട്ട് പാടിയുറക്കിയത് അമ്മയാണ്
തൊട്ടിലാട്ടിയത് അമ്മയാണ്
കൊഞ്ചിച്ചു വളർത്തിയത് അമ്മയാണ്
ഭക്ഷണം വെച്ചുതരുന്നതും അമ്മയാണ്
എന്റെ ഭൂമീ ദേവിയാണമ്മ
എന്റെ ദൈവമാണമ്മ
എന്റെ പ്രാണനാണമ്മ
അമ്മയാണെന്റെ എല്ലാം
അമ്മയ്ക്ക് തുല്യം മറ്റാരുമില്ല



**-ദേവിക.ആർ**

**5E**

## വരകളിലൂടെ........

**അഭിലാഷ്. എസ്**

**9 F**










**അമീർ നജീം**

**5E**





അദ്വൈത് രാജ്

10 E





**നിരഞ്ജന സുന്ദർ**

**5 B**

# ആലപ്പാടിനു വേണ്ടി



ആലപ്പാട്,ജലസ്രോതസ്സുകളും തണ്ണീർത്തടങ്ങളും കൊയ്ത്തുപാടങ്ങളും കാർഷിക സമൃദ്ധിയും മത്സ്യസമ്പത്തും നിറഞ്ഞതായിരുന്നു പശ്ചിമ തീരത്തെ ആലപ്പാട് ഗ്രാമം. പടിഞ്ഞാറ് അറബിക്കടലിനും കിഴക്ക് കൊല്ലം - കോട്ടപ്പുറം ദേശീയ ജലപാതക്കുമിടയിൽ കരുനാഗപ്പള്ളിക്ക് തെക്ക് വെള്ളനാതുരുത്ത് മുതൽ വടക്ക് അഴീക്കൽ വരെ ഉൾപ്പെടുന്ന ഗ്രാമം ആണ് ആലപ്പാട് . ഈ ഗ്രാമത്തിനു പതിനേഴ് കിലോമീറ്റർ നീളവും മൂന്ന് കിലോമീറ്റർ വീതിയും ഉണ്ട്. ശുദ്ധജലത്തിന് പര്യാപ്തമായ ഒരു പ്രദേശം ആണ് ഇവിടം.



എന്നാൽ ഇതൊക്കെ ആലപ്പാടിന് വെറും പഴങ്കഥയാണ് . ആലപ്പാടിനെ ഇപ്പോൾ കടൽ വിഴുങ്ങിക്കൊണ്ടിരിക്കുകയാണ് . അൻപതു വർഷത്തോളമായി നടക്കുന്ന നിരന്തരമായ ധാതുമണൽ ഖനനം മൂലം ആലപ്പാട് ഇപ്പോൾ ഓരോ നിമിഷവും കടലിന്റെ ഇരയായി മാറുകയാണ് . ഈ ഖനനത്തിന്റെ പാരിസ്ഥിതിക ദുരന്തമാണ് ആലപ്പാട് ഗ്രാമവും ആലപ്പാട് നിവാസികളും അനുഭവിക്കുന്നത് .

ഇന്ത്യൻ റെയർ എർത്സ് ലിമിറ്റഡ് (IRE) എന്ന പൊതുമേഖലാ സ്ഥാപനമാണ് ഇവിടെ 1965 മുതൽ ഖനനം നടത്തുന്നത്. ആലപ്പാടിന്റെ പകുതിയിലേറെ ഭാഗം ഭൂമിയും IRE എന്ന ഈ സ്ഥാപനം ഏറ്റെടുത്ത് ഖനനം നടത്തുകയാണ് . 1965 ൽ 89.5 ചതുരശ്ര കിലോമീറ്റർ ഉണ്ടായിരുന്ന ആലപ്പാടിന്റെ ഇപ്പോഴുള്ള വിസ്തൃതി വെറും 7.5 ചതുരശ്ര കിലോമീറ്ററാണ് . മൂന്നര കിലോമീറ്റർ വീതി ഉണ്ടായിരുന്ന വെള്ളനാതുരുത്ത് പ്രദേശത്ത് ഇപ്പോൾ കടലും കായലും തമ്മിൽ അടുക്കാൻ ബാക്കിയുള്ളത് ഇനി ഇരുപത് മീറ്റർ മാത്രം. ശുദ്ധ ജലത്തിന് സ്വയം പര്യാപ്തമായിരുന്ന ഇവിടെ ഇനി ഒരു തുള്ളി ശുദ്ധ ജലം പോലുമില്ല.

ആലപ്പാടിന്റെ ആയിരക്കണക്കിന് ഏക്കർ ഭൂമി കടലെടുത്തു . ഏകദേശം 11500 കുടുംബങ്ങളുണ്ടായിരുന്ന ഇവിടെ ഇനി അവശേഷിക്കുന്നത് 6500 കുടുംബങ്ങളാണ് . സുനാമി ഏറ്റവും അധികം ബാധിക്കുന്നതും ഈ തീരത്തെയാണ് .

ഇതൊക്കെ പറയുമ്പോൾ ഈ ആലപ്പാടിനെ എന്തിന് ഖനനത്തിന് തിരഞ്ഞെടുത്തു എന്ന് നാം ചോദിക്കും . അതിനും ചരിത്രമേറെയുണ്ട്.1909 ൽ തിരുവിതാംകൂർ തീരത്തുനിന്ന് ജർമ്മനിയിലേക്ക് കയറ്റി അയച്ച കയർ ഉല്പന്നങ്ങളിൽ കരിമണലിന്റെ തിളക്കം കണ്ടു പിടിച്ചത് ജർമ്മൻ സായിപ്പ് ഹെർഷംബർഗ് ആണ്. തുടർന്നുള്ള അന്വേഷണം സായിപ്പിനെ ചവറയിൽ എത്തിച്ചു.നീണ്ടകരയിൽ നിന്ന് കരിമണലുമായി ജർമ്മനിയിലേക്ക് ആദ്യ കപ്പൽ പോകുന്നത് 1922 ലാണ് . 1932 ൽ F. X .പെരേര & സൺസ് എന്ന കമ്പനി ചവറയിൽ സ്ഥാപിക്കപ്പെടുന്നതോടെയാണ് പൂർണ്ണ തോതിൽ

ഇവിടെ കരിമണൽ ഖനന പ്രക്രിയ ആരംഭിക്കുന്നത് .തുടർന്ന് ട്രാവൻക്കൂർ മിനറൽ കോർപ്പറേഷൻ 1933 ൽ സ്ഥാപിക്കപ്പെട്ടു. ടൈറ്റാനിയം ഡയോക്സൈഡ് പിഗ്മെന്റിനും അനുബന്ധ ഉൽപന്നങ്ങൾക്കുമായി സംസ്ഥാന ഗവൺമെന്റിന്റെ നിയന്ത്രണത്തിൽ ട്രാവൻക്കൂർ ടൈറ്റാനിയം പ്രൊഡക്റ്റ്സ് എന്ന കമ്പനി 1951 ൽ ആരംഭിച്ചു.

F. X .പെരേര & സൺസ് എന്ന കമ്പനി 1956 ൽ സംസ്ഥാന സർക്കാർ ഏറ്റെടുത്തു F. X. P. മിനറൽസ് എന്ന് നാമകരണം ചെയ്ത് പ്രവർത്തനം തുടങ്ങി . ട്രാവൻക്കൂർ മിനറൽ കോർപ്പറേഷനുമായി സഹകരിച്ചു പ്രവർത്തനം തുടങ്ങിയ ബ്രിട്ടീഷ് കമ്പനിയായ ഹോക്കിൻസ് & വില്ല്യംസ് ലിമിറ്റഡ് 1960 ൽ അടച്ചു പൂട്ടി. 1971 ൽ F. X. P. മിനറൽസ് കമ്പനി കൂടി കേരള സർക്കാർ ഏറ്റെടുത്തതോടെ കരിമണൽ ഖനന മേഖലയിൽ നിന്ന് സ്വകാര്യ ഏജൻസികൾ പൂർണ്ണമായും നിർമ്മാർജ്ജനം ചെയ്യപ്പെട്ടു.

ഇപ്പോൾ പൊതുമേഖലാ സ്ഥാപനങ്ങളായ KMML ഉം IRE യും മാത്രമാണ് കരിമണൽ ഖനന മേഖലയിൽ ഉള്ളത്. 1922 മുതൽ വിവിധ പേരുകളിൽ നിലവിൽ വന്ന മണ്ണു കമ്പനികൾക്ക് ഒരേയൊരു ലക്ഷ്യമേ ഉണ്ടായിരുന്നുള്ളൂ തീരദേശത്തെ അമൂല്യമായ ധാതുനിക്ഷേപം കവർന്നെടുക്കുക എന്നത് മാത്രം. ഈ തീരത്തെ ജനങ്ങളുടെ ജീവിതത്തെ കുറിച്ചോ, ഈ നാടിന്റെ നിലനിൽപ്പിനെ കുറിച്ചോ , ഇവിടത്തെ പരിസ്ഥിതി ആഘാതത്തെ കുറിച്ചോ മത്സ്യത്തൊഴിലാളികളുടെ തൊഴിൽ നഷ്ടത്തെ കുറിച്ചോ ഒന്നും അവർ ചിന്തിച്ചില്ല. ലാഭക്കൊതി മൂത്ത കഴുകൻ കണ്ണുകൾ മാത്രമെ അവർക്ക് ഉണ്ടായിരുന്നുള്ളൂ. വേട്ടക്കാരന് ഇരയുടെ വേദന അറിയില്ലല്ലോ.

നാം ഇതുവരെ, ഈ തീരത്ത് ഖനനത്തിനെതിരെ പല സമരങ്ങളും മുന്നേറ്റങ്ങളും കൂട്ടായ്മകളും കണ്ടവരാണ്, ചില വിജയങ്ങളും അതിലേറെ വൻപരാജയങ്ങളും, ഒറ്റുകൊടുപ്പുകളും , ചില വ്യക്തി നേട്ടങ്ങളും കണ്ടും കേട്ടും അനുഭവിച്ചവരാണ് . ഈ അനുഭവങ്ങളിൽ നിന്ന് പാഠം ഉൾക്കൊണ്ട് മൗനത്തിന്റെ മാറാലകൾ പൊട്ടിച്ചെറിഞ്ഞ് IRE യുടെ ഖനനത്തിനെതിരെ അതിജീവനത്തിന്റെ പോരാട്ടം നടത്തിയില്ലെങ്കിൽ നമ്മളും ഈ മണ്ണും തീരവും എല്ലാം എന്നന്നേക്കുമായി നഷ്ടപ്പെടും . ജീവിതം, നിലനിൽപ്പ് ,തിരിച്ചറിവ് ,പ്രചോദനം ,കൂട്ടായ്മ ,പോരാട്ടം,

അതെ,

നമുക്ക് മറ്റ് മാർഗ്ഗമില്ല കണ്ണുണ്ടായിട്ടും കാണാത്തവരായി ,കാതുണ്ടായിട്ടും കേൾക്കാത്തവരായി, നാവുണ്ടായിട്ടും മിണ്ടാത്തവരായി നമ്മുക്ക് ജീവിക്കാൻ കഴിയില്ല. അതിന് വേണ്ടി ആലപ്പാടിന്റെ ഭാവിയിലേക്കുള്ള നില നിൽപ്പിനും, കേരളത്തിന്റെ സംരക്ഷണത്തിനും വേണ്ടി നമുക്ക് ഒരുമിച്ചു മുന്നേറാം.

**- അഫ്സൽ ഷാജഹാൻ**

9F

# HOLY MOTHERHOOD



Virtue in my former birth,
caused you to bear me in your womb.
The auspicious time when I called you
mom!
Each my vitality throbbed.
The evils are ready to swallow me oh!
They perished of your love on me.
Each epoch offers me pain but in vain
because,you spare me as there always
burns a flame in your mind around.
It motives me to move and bring to life.



Darkness every time fails before me.
I plea for your eternal compassion.
I know the tremor you feel in each
moment of my growth
and,your petition for my well being.
Oh mom!I am in a grief! But I know you,
your presence as a radiance, as a cool shower
I am sure splitting all of it,there will sprout
my future that you gifted me.
I can’t make walk on thorny way,because,
I know your mind when it fills with tears.


I feel each firmament is the hope,
you given me,and I access it.
Oh my mom,I am always obligated in your diplomacy.

And do you know?
It motives your daughter,to love,to care the world,
that I gained from you .
May I mirror you through me for the adjacent?
The ember that you keeping still in your mind,
appears to be a prowess around me.
I am growing,through the strict matriarchy
that you taught me.

I politely crying to the world,
My mom! You are my power, I am the
bud of that great motherhood,without you,
there is no world,no life and the
whole life on earth will turn to end.
Oh mom!I am bowing before your stature,
making desire,you the idol of the holy mother hood
may always be sacred and
make my world to surge with success.

-Kasinath.A
9F

# സംസ്ഥാന അദ്ധ്യാപക അവാർഡ് ജേതാവ് ശ്രീ. സി.രാജേന്ദ്രൻ സാറുമായുള്ള അഭിമുഖം



**<u>ചോദ്യം</u>**

Q. സർ ഈ വൈകിയ വേളയിൽ ഇത്തരത്തിൽ ഒരു അവാർഡ് ലഭിച്ചപ്പോൾ എന്താണ് തോന്നുന്നത് ?

ഏറെ സന്തോഷം

Q. സാർ കേരളത്തിലെ വിവിധ സ്കൂളുകളിൽ ജോലി നോക്കിയിട്ടുണ്ടെങ്കിലും ഏറ്റവും കൂടുതൽ കാലം ചിലവഴിച്ചത് A VHS ലാണ്. ഈ അവാർഡ് ലഭിച്ചതിന് ആവശ്യമായ പിന്തുണ A VHS ൽ നിന്നും ലഭിച്ചിട്ടുണ്ടോ ?

- മറ്റെങ്ങും കാണാത്ത ഏറെ സവിശേഷതകളുള്ള ഒരു സ്കൂളാണ് നമ്മുടേത്.
- പഠനത്തോടൊപ്പം കലാകായിക ശാസ്ത്ര രംഗങ്ങളിലും മറ്റ് ഇതര പ്രവർത്തനങ്ങളിലും ഏറെ പ്രാധാന്യം കൊടുത്തുവരുന്നു.
- കുട്ടികൾക്ക് ഗുണകരമായ ഏത് പ്രവർത്തനമായും മുമ്പോട്ടുവരുന്ന അദ്ധ്യാപകർക്കും ശക്തമായി പിന്തുണ നൽകിവരുന്ന പാരമ്പര്യമാണ് നമുക്കുള്ളത്.

അതുതന്നെയാണ് ഈ അവാർഡ് ലഭിക്കുവാൻ എന്നെയും സഹായിച്ചിട്ടുള്ളത്.

Q. സാർ അടിസ്ഥാനപരമായി ഒരു ശില്പിയാണല്ലോ. സാർ ഈ നിർമ്മാണ പ്രക്രിയകളിൽ മുഴുകി ഇരിക്കുമ്പോൾ വീട്ടിൽനിന്നും സഹകരണം ലഭിക്കുന്നുണ്ടോ ?

തീർച്ചയായും. പരിപൂർണ്ണമായ പിന്തുണയാണ് വീട്ടിൽ നിന്ന് ലഭിക്കുന്നത്.

Q. ശില്പനിർമ്മാണത്തിനും ചിത്രരചനകൾക്കും അനിയോജ്യമായ പ്രമേയങ്ങൾ സാറിന് എവിടെനിന്നാണ് ലഭിക്കുന്നത്. അതിനുവേണ്ടി പ്രത്യേകം സമയം കണ്ടെത്തുന്നുണ്ടോ ?

ഒരു സമൂഹജീവി എന്ന നിലയിൽ സമൂഹത്തിലുണ്ടാകുന്ന നന്മകളിൽ സന്തോഷിക്കുകയും തിന്മകളിൽ ദുഃഖിക്കുകയും ചെയ്യുന്നു. ഇക്കാര്യങ്ങൾ എന്റെ മാധ്യമമായ കലയിലൂടെ പ്രതിഫലിപ്പിക്കുന്നു.

Q. സാർ നാടകരചനകളൊക്കെ നടത്തിയിട്ടുള്ളതായി കേട്ടിട്ടുണ്ട്. അതിനെക്കുറിച്ച് ഒന്നു വിശദീകരിക്കാമോ?

കുട്ടികളുടെ നാടകങ്ങളോട് ഏറെ താൽപ്പര്യമുണ്ട് ആ രീതിയിലുള്ള പ്രവർത്തനങ്ങളും നടത്തിവരുന്നു. എഴുതി സംവിധാനം ചെയ്ത 'ഒത്തിരി വല്യ ഇത്തിരി കുഞ്ഞൻ' എന്ന സയൻസ് നാടകം നമ്മുടെ കുട്ടികൾ അവതരിപ്പിച്ച് ദേശീയതലത്തിൽ ഒന്നാം സ്ഥാനം നേടി. കൂടാതെ ബോധവത്കരണ നാടകങ്ങൾക്കും മറ്റും

സംസ്ഥാനതലത്തിലും ജില്ലാ തലത്തിലും നമ്മുടെ കുട്ടികൾക്ക് സ്ഥാനമാനങ്ങൾ ലഭിച്ചിട്ടുണ്ട്.

Q. സാറിന്റെ നിർമ്മിതികളിൽ സാറിന് ഏറ്റവും കൂടുതൽ സംതൃപ്തി തോന്നിയിട്ടുള്ളത് ഏതാണ് ? വ്യക്തമാക്കാമോ?

പ്രകൃതി സംരക്ഷണത്തിന്റെ ആവശ്യകഥവിളിച്ചോതുന്ന മുപ്പതടി ഉയരമുള്ള കരുനാഗപ്പള്ളി ബോയ്സ് സ്കൂളിലെ ജീവതാളം എന്ന ശില്പവും.

Q. സാറിന് മറ്റു പല അവാർഡുകൾ ലഭിച്ചിട്ടുള്ളതായി കേട്ടിട്ടുണ്ട്. അതുംകൂടി വ്യക്തമാക്കാമോ?

* സംസ്ഥാന കലാസാഹിത്യ വേദി അവാർഡ്.
* വിദ്യാരംഗ കലാസാഹിത്യവേദി പെയിന്റിംഗ് പുരസ്കാരം
* ദക്ഷിണേന്ത്യൻ സാംസ്കാരികോത്സവം ശില്പകലാപുരസ്കാരം
* KMA ലത്തീഫ് ഫൗണ്ടേഷൻ ചിത്രശില്പ കലാപുരസ്കാരം
* നേഷൻ ബിൽഡർ അവാർഡ് - 2019.

Q.സാറിന് മികച്ച അദ്ധ്യാപകനുള്ള അവാർഡ് ലഭിച്ചല്ലോ. ഇപ്പോൾ സാറിന്റെ ജീവിതത്തിൽ പ്രചോദനമായ ഏതെങ്കിലും അദ്ധ്യാപകരെ ഓർക്കുന്നുണ്ടോ?

ഞാൻ മൂന്നാംക്ലാസ്സിൽ പഠിച്ചുകൊണ്ടിരിക്കുമ്പോൾ എനിക്ക് ആദ്യം പ്രോത്സാഹനം തന്ന ഭാഗീരഥിയമ്മ ടീച്ചർ. 5-10 ക്ലാസ്സിൽ പഠിക്കുമ്പോൾ "ഇവനെ ചിത്രകല പഠിപ്പിക്കാൻ വിടണം" എന്ന് പറഞ്ഞ് എന്റെ വീട്ടിൽ വന്ന ജോസഫ് സാർ.

Q. സാറിന് ഈ അദ്ധ്യാപന ജീവിതത്തിലെ മറക്കാൻ കഴിയാത്ത ഒരു അനുഭവത്തെക്കുറിച്ച് ഒന്നു വിശദീകരിക്കാമോ ?

സേലത്തുവെച്ച് ദേശീയ സയൻസ് നാടക മത്സരം നടക്കുന്നു. നമ്മുടെ കുട്ടികൾ അവതരിപ്പിച്ച നാടകത്തിലെ സെറ്റുകൾ വളരെ സിമ്പിളായിരുന്നു. മറ്റ് സംസ്ഥാനങ്ങളിൽ നിന്നെത്തിയ നാടകങ്ങളുടെ സെറ്റുകൾ പണച്ചിലവുള്ളതായിരുന്നു. റിസൾട്ട് അനൗൺസ് ചെയ്തു തുടങ്ങി. നമ്മൾ ഒരു 3-10 സംസ്ഥാനമൊക്കെ പ്രതീക്ഷിച്ചിരുന്നു. മൂന്നാം സ്ഥാനം തൊട്ട് അനൗൺസ് ചെയ്തു തുടങ്ങി, അതില്ല. രണ്ടാം സ്ഥാനവും അനൗൺസ് ചെയ്തു, അതുമില്ല. നിരാശയോടെ പിന്തിരിയുമ്പോൾ ഒന്നാം സ്ഥാനം AVHS സ്കൂൾ തഴവ. ഒരിക്കലും മറക്കാൻ പറ്റാത്ത അനുഭവമാണ് അത്.

Q. റിട്ടയർമെന്റിന് ശേഷം സാർ എന്തൊക്കെ കാര്യങ്ങൾ ചെയ്യാനാണ് ഉദ്ദേശിക്കുന്നത് ?

ഇപ്പോൾ എന്തൊക്കെ കാര്യങ്ങളാണ് ചെയ്യുന്നത് അതൊക്കെ തുടരാൻ തന്നെയാണ് തീരുമാനം.

കൊല്ലം ജില്ലയിലെ ഹൈസ്കൂൾ വിഭാഗത്തിലെ ആദ്യ സംസ്ഥാന അധ്യാപക അവാർഡ് ജേതാവായ ശ്രീ. സി. രാജേന്ദ്രൻ സാറിന് ലിറ്റിൽ കൈറ്റ്സിന്റെ എല്ലാവിധ ആശംസകളും പ്രാർത്ഥനകളും നേരുന്നു.

## ഒരു കൊച്ച് പൂവിൻ നൊമ്പരം



-കൃഷ്ണപ്രിയ എം. (V E)


ഒരു കൊച്ച് പൂവിൻ നൊമ്പരം
അതോർത്ത് ഞാൻ മാത്രമെന്തേ ചെറുത്
തളരാതെ നിന്ന ആ കൊച്ചുപൂവിൻ
മനസ് അരികെ നിന്ന വൃക്ഷമറിഞ്ഞു
വൃക്ഷം ചൊല്ലി തളരരുതെൻ കൂട്ടുകാരി
സസ്യങ്ങളിൽ ചിലത് ചെറുതാണ് വലുതാണ്
നീ ചെറുതാണെങ്കിലും എല്ലാവർക്കും നിന്നെ
ഇഷ്ടമാണ്
തേൻ നുകരുന്ന പൂമ്പാറ്റകൾക്കും
നിന്നെ ഇഷ്ടമാണ്
ഒരു കൊച്ച് പൂവിൻ നൊമ്പരം




## ആദ്യാക്ഷരം



ആദ്യാക്ഷരങ്ങൾ കുറിച്ചനേരം
തൂലിക കൈയ്യിൽ പിടിച്ച നേരം
അക്ഷരം ഓരൊന്നായി പഠിച്ച നേരം
അറിവിൻ മാളിക തുറന്ന നേരം
അറിവിന്റെ മാല അണിഞ്ഞ നേരം
അറിവിൻ തൂലിക ചലിപ്പിച്ച നേരം
വിദ്യ എന്ന രണ്ടക്ഷര വാഹനത്തിൽ
സഞ്ചരിച്ച നേരം
അറിവിൻ പടവുകൾ ഓരോന്നായി
കയറിയ നേരം
വിദ്യാ വെളിച്ചം കണ്ട നേരം
സ്നേഹ ബന്ധങ്ങൾ എന്തെന്നറിഞ്ഞ നേരം
സ്നേഹിക്കാനാദ്യമായ് പഠിച്ച നേരം
ജീവിത മാർഗം തെളിഞ്ഞ നേരം
വിദ്യാ സസ്യം വളർന്ന നേരം
വിദ്യാ പുഷ്പം കിളിർത്തുവല്ലോ
അറിവിൻ സൂര്യനുദിച്ചുവല്ലോ
മനസ്സിൽ സ്നേഹമുണർന്നുവല്ലോ.





-അദ്വൈത് അനിൽ
9F




DEVAKIRAN

9F



# കേരങ്ങളുടെ കേരളം



നാടൻകലകൾ തൻകേതാര ഭൂമിയാം കൊച്ചു മലയാളനാട്
മാതൃത്വം തുളുമ്പുന്ന ദൈവത്തിന്റെനാട് കേരളനാട്
പുഴകളും,വയലുകളും,കിളികളും,നർത്തനമാടും വൃക്ഷങ്ങളും.
സുന്ദരം സുന്ദരം സുന്ദരം കേരളം എത്ര രമ്യമെൻ കേരളം
കേരം നിറഞ്ഞ നാടായതു കൊണ്ട് കേരളമെന്നു വിളിച്ചു
ഗാന്ധിജി തന്ന ധൈര്യത്തിനാലിന്നും ഉയർന്നു
നിൽക്കുന്നു കേരളം



പ്രളയജലത്തിൽ മുങ്ങിയിട്ടും സുനാമിയടിച്ചു
കയറിയിട്ടും
ഇന്നും നമ്മൾ കേരളത്തെ
നവകേരളമാക്കിയെടുത്തു
പരശുരാമന്റെ മഴുവിനാൽ നിർമ്മിതമായൊരീ കേരളം
ഇന്നും നാളെയും.....കേരളം എന്നും നിലനിൽക്കുമെന്നത് സത്യം.
തിരുവിതാംകൂറിൽ നിന്നുണ്ടായ കേരളം മലയാളത്തിന് ജന്മം നൽകി
ദൈവത്തിൻ നാട്..........എന്നും ഐശ്വര്യപൂർണ്ണമാണീ നാട്
അഭിമാനപൂരിതമീനാട്.........ചോരതിളയ്ക്കുന്ന കേരളനാട്

അശ്വിൻരാജ്

9 E

## മരണം



മരണമെല്ലാവർക്കും ഒന്നുതന്നെ
മരണവീഥിയിൽ ആരെന്നുമെന്തെന്നുമാർക്കറിയാം
ഭൂമിതൻ ഭാരമകറ്റുവാൻ മരണമൊരു സഹായി.
കാലത്തിലുള്ളതാണീ മരണം
കാലത്തിൽനിന്നു പിറന്നു മരണം.
കലിയുഗവീഥിയിൽ മരിക്കാത്തതാര് ?
മരണമില്ലാത്തവനാര്?
എല്ലാവർക്കുമുള്ള ഒരന്ത്യം
മരണമെന്നത് മായാത്ത സത്യം.
മരണമെല്ലാവർക്കും അന്ത്യമാകുന്നു,
മരണത്തിന് അന്ത്യം ആര് കുറിക്കും?
മരണം മരണം സർവ്വത്ര മരണം
ഇതിനൊരു ഔഷധം ആരു നൽകും?



-അശ്വിൻ രാജ്
9E

# നന്നായി



ഒരിക്കൽ ഒരു രാജാവുണ്ടായിരുന്നു .ആ രാജാവ് എന്നും വേട്ടക്ക് പോയിരുന്നു . ഒരിക്കൽ വേട്ടക്ക് പോയപ്പോൾ അദ്ദേഹത്തെ ഒരു കടുവ ആക്രമിച്ചു . ആ ജീവിക്കെതിരെയുള്ള ചെറുത്ത് നിൽപ്പിനിടെ അദ്ദേഹത്തിന്റെ ഒരു വിരൽ നഷ്ടമായി.ഈ കാര്യം അദ്ദേഹം മന്ത്രിയോട് വിവരിച്ചു,അപ്പോൾ മന്ത്രി പറഞ്ഞു "കടുവയുമായുള്ള ചെറുത്ത്നില്പ്പിനിടെ അങ്ങക്ക് ഇത്ര മാത്രമേ പറ്റിയുള്ളോ,നന്നായി".ഇത് കേട്ട് രാജാവ് കോപിഷ്ഠനായി,ആ മന്ത്രിയെ തുറങ്കലിലടച്ചു.പിന്നീട് രാജാവ് വീണ്ടും വേട്ടക്ക് പോയി.അപ്പോൾ കാട്ടിലെ നരഭോജികൾ ആ രാജാവിനെ ആക്രമിച്ചു.എന്നിട്ട് രാജാവിനെ ഭക്ഷണമാക്കുന്നതിന് മുമ്പ് അദ്ദേഹത്തിന്റെ കൈയ്യിലെ അറ്റ് പോയ വിരലിൽ ഒന്ന് നോക്കി.എന്നിട്ട് പറഞ്ഞു "ഞങ്ങൾ ആരും തന്നെ വികലാംഗരെ ഭക്ഷിക്കുകയില്ല". പറഞ്ഞു തീരേണ്ട താമസം രാജാവ് പ്രാണനും കോണ്ടോടി. പോകുന്ന വഴിക്ക് രാജാവ് ഒരു പൊട്ട കിണറിൽ വീണു.അവിടെക്കിടന്ന് രാജാവ് ഒരുപാട് നിലവിളിച്ചു.അതുവഴിപോയ ഒരു മഹർഷി ഈ നിലവിളികേട്ട രാജാവിനെരക്ഷിച്ചു.രാജാവ് നടന്ന കാര്യം എല്ലാം പറഞ്ഞു കൊടുത്തു. അപ്പോഴാണ് മഹർഷി ആ രാജാവിന്റെ ചെറുവിരലിലേക്ക് ശ്രദ്ധിക്കുന്നത്.അപ്പോൾ ആ മഹർഷി പറഞ്ഞു 'നന്നായി' എന്ന്.രാജാവ് മഹർഷിയോട് പറഞ്ഞു " ഈ വാക്കുതനെയാണല്ലോ മന്ത്രിയും പറഞ്ഞത്."അപ്പോൾ മഹർഷിക്ക് കാര്യം മനസ്സിലായി.എന്നിട്ട് മഹർഷി പറഞ്ഞു "നിങ്ങൾ തുറങ്കലിലടച്ച ആ മന്ത്രി ഒരു നല്ല മനുഷ്യനാണ്. അദ്ദേഹത്തിന് ഇനിവരാൻ പോകുന്ന കാര്യങ്ങൾ മുൻകൂട്ടി തന്നെ തന്റെ ദൃഷ്ടിയിൽ കൊണ്ടുവരാൻ കഴിവുണ്ട്.ആയതിനാൽ അദ്ദേഹത്തെ വേഗം മോചിപ്പിക്കുക."അപ്പോൾ രാജാവ് പെട്ടന്ന് കൊട്ടാരത്തിൽ ചെന്നിട്ട് മന്ത്രിയെ മോചിതനാക്കി.



ഈ കഥയിൽ നിന്ന് നമുക്ക് മനസ്സിലാക്കാൻ കഴിയുന്നത് 'കാര്യങ്ങളറിയാതെ ആരെയും ശിക്ഷിക്കരുത് ' എന്നതാണ്.

അസ്ഹർ

9C

# അഗ്നി ഹോമം



നീ ഒരു കല്ലിൽ ഉരഞ്ഞു
നീ ഉരഞ്ഞ കല്ലിൽ നിന്നും
ജ്വലിച്ചുമാറി മനുഷ്യർ
നിന്നെ അഗ്നി എന്ന പേരിൽ വാഴ്ത്തി
പുരാണങ്ങളിൽ അഗ്നിഹോമത്തിൽ,
നിന്നെ ഒരിക്കൽ ഞാൻ കണ്ടു.
വേദങ്ങൾ നാല്, മഹാവിഷ്ണു പത്ത്
അവതാരങ്ങളായി മാറി
അതെല്ലാം മഹാവിഷ്ണുവിന്റെ
സുഹൃത്തായി,ജീവനായി മാറി
എന്നെന്നും ജ്വലിക്കുന്ന തീയായ് മാറി
ഭൂമിക്ക് സന്തോഷമായി മാറി



-അഞ്ജലികൃഷ്ണ.ആർ

6D

## അഹങ്കാരം തീർന്നു



ഒരു കാട്ടിൽ വികൃതിയായൊരു എലിയുണ്ടായിരുന്നു.അവന്റെ പേര് ചുണ്ടനെന്നായിരുന്നു.ജിങ്കു എന്ന കരടി ചുണ്ടനെ എപ്പോഴും ഉപദ്രവിക്കുമായിരുന്നു.കാട്ടിലെ ഓണാഘോഷം നടക്കുന്നിടയ്ക്ക് ചുണ്ടൻ തീരുമാനിച്ചു,ജിങ്കുവിനെ ഇങ്ങനെ വിട്ടാൽ പറ്റില്ല അത് കൊണ്ട് അവന്റെ അഹങ്കാരം എങ്ങനെ എങ്കിലും കുറയ്ക്കണം.അടുത്തത് വടംവലി മത്സരമാണ്.അതിൽ ജിങ്കുവും മത്സരിക്കുന്നുണ്ട്.പറ്റിയ അവസരം... ചുണ്ടൻ വിചാരിച്ചു.വിസിൽ മുഴങ്ങി. എല്ലാവരും ശക്തിയോടെ വലിക്കാൻ തുടങ്ങി.ഇതിനിടെ ചുണ്ടൻ വന്ന് വടത്തിന്റെ നടുക്ക്ഭാഗം കടിച്ചു മുറിച്ചു.കയറുപൊട്ടി ജിങ്കു തെറിച്ചുവീണു.അപ്പോൾ അവന് തിരിച്ചറിവുണ്ടായി.ഏത് കൊലകൊമ്പനും അഹങ്കരിച്ചാൽ ആപത്ത് വരുമെന്ന് ജിങ്കു മനസ്സിലാക്കി.



ദേവനാരായണൻ.എസ്.വി

5B

## Do you know?



# Why aren't the letters on a computer keyboard in alphabetical order?

The keyboards of the computers were adopted from the keyboards of typewriter. In the first generation type writer,the keys were positioned in alphabetical order. But this arrangement did not work well,because some combinations of letters occur frequently in English,as typists became fast, they began to press the nearby keys at great speed, ultimately jamming the key.



To solve this problem, a new keyboard with letters positioned in such a way that commonly used combination letters are far apart. Thus the keys wouldn't get jammed , even if the typist types fast. This was the beginning of QWERTY keyboard. Later this keyboard become the standard one . The computers were invented, the same keyboards were adopted, because most people were familiar with it.

-Muhammad Hisham
9 F

# *MY PET*



I have a pet
It is a puppy
His name is Tommy
He plays with me
I give him milk every day
He move his beautiful tail,
When he sees me
He waits on the gate, for my
Arrival from school.I love my Tommy and he love me too.



- Amalprakash
9C

# വഴിത്താരയിലെ സ്വാന്തനം



നീണ്ട വഴിത്താരതൻ വശങ്ങളിലായി
തണൽമരങ്ങൾ ആടിയുലയുന്നു
ചെറുപൂക്കളും കായ്കളും പൊഴിച്ചുകൊണ്ടവ
ഉത്സവതിമിർപ്പിലാടുന്നു.



മനസ്സിൽ കഠിനമായ ഭാരവുമേന്തി
നടക്കവേ ഞാൻ ചിന്തിച്ചു
എന്തിനെനിക്കിത്ര വിഷാദം!

നോക്കി ഞാൻ ചുറ്റും
കണ്ടു ഞാൻ പലതും
ചിലർ കടല കൊറിക്കുന്നു,അതിൽ
ചിലവ താഴെ വീണനാഥമായ് കേഴുന്നു
പിറകെ വരുന്നവർ തൻ പാദപ്രഹരം കൊള്ളുന്നു.

ചില  പെൺപടകൾ ചിലച്ചുകൊണ്ട് നടക്കുന്നു
പിമ്പേ ചില പുരുഷകിങ്കരന്മാർ മണത്തുനടക്കുന്നു
ഒരു നായയെ പോലെ!

ഇനിയും വേറെയും ആളുകൾ മനുഷ്യരൂപങ്ങളായി
ജീവിതത്തിന്റെ സുഖവും ദുഖഃവും
അത്ഭുതവും അനുഭവിക്കുന്നു.

വഴിയോരത്തെ ആളൊഴിഞ്ഞ മരച്ചുവട്ടിൽ
തണൽ തേടി ഞാനിരുന്ന ഒരു പാതി പൊളിഞ്ഞ
ബെഞ്ചിനുമുകളിൽ
കണ്ണുകളടച്ചു ഞാൻ മുഖം പൊത്തി കുനിഞ്ഞിരുന്നു
സമുദ്രമോ, നദിയോ അതോ പേമാരിയോ എന്റെ
മിഴികളിൽ നിന്നും പുറപ്പെട്ടു!

ചുമലിലേൽക്കപ്പെട്ട ഭാരം ഇറക്കുവാൻ;ഒന്നു കരയുവാൻ
ഞാനിവിടെ വന്നു! ഈ നീണ്ട വഴിത്താരയിൽ.
ഇവിടെയാണെനിക്ക് സ്വാന്തനം ലഭിക്കുക!
അതിശയം എന്നാൽ വാസ്തവം

-കാശിനാഥ്.എ

9F

# MY FRIEND



I CAN LOVE YOU,
BUT I AM NOT YOUR MOTHER
I CAN CARE YOU,
BUT I AM NOT YOUR FATHER
I CAN HELP YOU
BUT I AM NOT YOUR SISTER
I AM YOUR  FRIEND




NIRANJANA SUNDER (5B)

# മാഞ്ഞുപഴയഓർമ്മ



ഇന്നലെ നാം കണ്ട ഞാറ്റുവേല
ഇന്നുമാഞ്ഞീ ഞാറ്റുവേല
ഇന്നെവിടെ കർഷകൻ
ഇന്നെവിടെ മണ്ണിൻഗന്ധം
പാടമെവിടെ തത്തയെവിടെ
സൗന്ദര്യമെവിടെ മാഞ്ഞു
മാമ്പൂപൂക്കും ഈറൻ ഗന്ധം



സ്നേഹത്തിൽനിന്നുള്ള നിറം
എവിടയതെല്ലാം മനുഷ്യൻമടിയിൽ
ഒലിച്ചുപോയോ ഇതെല്ലാം
കണ്ടുവോ മയിലിൻനൃത്തം കുയിലിൻപാട്ട്
സുന്ദരംകേൾക്കുകാണ അതിസുന്ദരം
ഇതെവിടെ ഇതെവിടെ മാഞ്ഞുപോയി
പൂക്കൾ പോയി പാടം പോയി
പൂവാടി പോയി തേൻവരിക്ക മാഞ്ഞു
എല്ലാം മനുഷ്യനിൽ നിന്നകന്നു പോയി.. പോയി..


-അശ്വിൻരാജ്
9 E

# പ്രകൃതി സംരക്ഷണം



എന്താണ് പ്രകൃതി സംരക്ഷണം എന്ന് പറഞ്ഞാൽ?എന്ത് കൊണ്ടാണ് ജൂൺ 5 ലോക പരിസ്ഥിതിദിനമായി ആചരിക്കുന്നത്?

പ്രകൃതിയ്ക്ക് നഷ്ടങ്ങൾ വരുത്താതെ ഗുണകരമാം വിധം പ്രകൃതിയെ സംരക്ഷിക്കുക എന്നതാണ് ഈ ദിവസത്തിലുള്ള പ്രത്യേകത.ലോക പരിസ്ഥിതിദിനത്തിൽ ഒരു മുഖ്യപങ്കാളിയാകുക ഏതു മനുഷ്യന്റെയും കടമയാണ്.പ്രകൃതി സംരക്ഷണം ഒരു പ്രധാന ഘടകമാണ്.പ്രകൃതിയിലുണ്ടാകുന്ന നാശനഷ്ടങ്ങൾ എല്ലാം എതിർത്ത് പ്രകൃതിയ്ക്ക് നല്ലത് ചെയ്യുക എന്നത് ഓരോ മനുഷ്യന്റെയും ഉത്തരവാദിത്വമാണ്.



മനുഷ്യർ അനുഭവിക്കുന്ന സുഖസൗകര്യങ്ങളൊക്കെയും എത്ര നാൾ നിലനിൽക്കും? വരും തലമുറയ്ക്ക് വേണ്ടി എന്തെങ്കിലും ചെയ്യുവാൻ സാധിക്കുമോ?...

മനുഷ്യർ പ്രതികാര ശേഷിയില്ലാത്ത സ്വാർത്ഥരാണ്.അവൻ പ്രകൃതിയ്ക്ക് വേണ്ടി ഒന്നും ചെയ്യുന്നില്ല.മരം മുറിച്ചും ,ജലം മലിനമാക്കിയും,കാട്ടുതീപടർത്തിയും അവർ പ്രകൃതിയെ നശിപ്പിക്കുന്നു.ഒരു മരം വച്ച് പിടിപ്പിക്കുന്നതിനേക്കാൾ ഒരു മരം വെട്ടിമുറിക്കുന്നത് മനുഷ്യൻ ഇഷ്ടപ്പെടുന്നു.നമുക്ക് വേണ്ടി നമ്മുടെ നാളയ്ക്ക് വേണ്ടി പ്രകൃതിയെ സംരക്ഷിക്കാം.....

അനുശ്രീ ശ്രീനിവാസൻ
9F

# തൂക്കം



കുളം ഒരുപാട് വലുതായിരുന്നു . കറുത്ത ഉപരിതലത്തിൽ എപ്പോഴും കുമിളകളുയർന്നുവന്ന് പൊട്ടിക്കൊണ്ടിരുന്നു ."ഒരുപാട് മീനുണ്ടാവും" എല്ലാവരും പറഞ്ഞു;"പിടിച്ചാൽ തൂക്കി വിൽക്കാം”.



**രാവിലെ വലയെറിഞ്ഞു .**
**വൈകുന്നേരമായപ്പോഴേക്ക്**
**തൂക്കിവിൽക്കാൻ ലോറിനിറയെ**
**ചെളിമൂടിയ പ്ലാസ്റ്റിക് കിട്ടി .**
**അത്താഴത്തിന് കുറച്ച് ചത്ത മീനും.**

**–ഷാനിയ**

10 E

# पेड



पेड हमारा जीवन है
पेड हमारा जीवन दाता है
पेड हमारा जीवन बचाता है
पेड नही तो पृथवी नही
कॅयोकि पेड ही पृथवी बनाता है



**-അർജ്ജുൻ**
**8G**

# സൗഹൃദം



കുട്ടനും അപ്പുവും നല്ല കൂട്ടുകാരും അയൽവാസികളുമായിരുന്നു . എന്നാൽ , കുട്ടന്റെ അച്ഛൻ ബാലനും അപ്പുവിന്റെ അച്ഛൻ ബാബുവും പരസ്പരം ശത്രുക്കളായിരുന്നു . കുട്ടൻ അപ്പുവിനോടും അപ്പു കുട്ടനോട്ടും സംസാരിക്കുന്നത് അവരുടെ മാതാപിതാക്കൾക്ക് ഇഷ്ട്ടമല്ലായിരുന്നു . അവർ സംസാരിക്കുന്നത് കണ്ടാൽ അവരുടെ മാതാപിതാക്കൾ അവരെ ശിക്ഷിക്കുമായിരുന്നു. എങ്കിലും അപ്പുവും കുട്ടനും അവരുടെ അച്ഛനമ്മമാർ കാണാതെ കളിക്കുകയും സംസാരിക്കുകയും ചെയ്യുമായിരുന്നു. മാതാപിതാക്കൾ തമ്മിലുള്ള ശത്രുത അവരുടെ മനസ്സിനെ അലട്ടുന്ന വിഷയമായിരുന്നു.




അങ്ങനെയിരിക്കെ ഒരു ദിവസം അപ്പുവിന്റെ അമ്മൂമ്മ ഒന്ന് മറിഞ്ഞു വീണു. മറിഞ്ഞു വീണ അമ്മൂമ്മയെ കണ്ടിട്ട് കുട്ടൻ കരഞ്ഞു. ആ സമയത്ത് കുട്ടന്റെയും അപ്പുവിന്റെയും വീട്ടിൽ അവരിരുവരുടെയും മാതാപിതാക്കൾ ഇല്ലായിരുന്നു. കരച്ചിൽ കേട്ട് കുട്ടൻ അപ്പുവിന്റെ അടുത്തേക്ക് ഓടി വന്നു. അവർ രണ്ടു പേരും കൂടെ അമ്മൂമ്മയെ എടുത്ത് മുറിയിൽ കൊണ്ട് ഇരുത്തി വെള്ളം കൊടുത്തു. അമ്മൂമ്മയുടെ കൈയിൽ ചെറിയ ഒരു മുറിവുണ്ടായിരുന്നു. അവർ അത് വൃത്തിയാക്കി മരുന്ന് വെച്ച് കൊടുത്തു. ആ നേരം അമ്മൂമ്മയുടെ മനസ്സിൽ ഒരു ബുദ്ധി ഉദിച്ചു . രണ്ട് ശത്രുക്കളെ തമ്മിൽ ഒന്നിപ്പിക്കാൻ പറ്റിയ ഏറ്റവും അനുയോജ്യമായ സമയം ഇതാണെന്ന് അമ്മൂമ്മ മനസ്സിൽ ഉറപ്പിച്ചു .
അങ്ങനെ സന്ധ്യാസമയമായപ്പോൾ അപ്പുവിന്റെ മാതാപിതാക്കൾ വന്നു. വന്നയുടനെ അമ്മൂമ്മയുടെ അടുക്കൽ അപ്പുവിന്റെ മാതാപിതാക്കൾ ഓടി വന്നു. സംഭവത്തെക്കുറിച്ച് അന്വേഷിച്ചു. അന്നേരം അമ്മൂമ്മ പറഞ്ഞു "മോനേ, ആ ബാലനില്ലായിരുന്നെങ്കിൽ കാണാമായിരുന്നു . വീണു കിടന്ന സമയത്ത് അവനാണ് എനിക്ക് വെള്ളം തന്നതും, ഈ മുറിവൊക്കെ കെട്ടിവെച്ച് തന്നതും ".
അമ്മയുടെ വാക്കുകൾ കേട്ടയുടനെ അപ്പുവിന്റെ അച്ഛന്റെ മനസ്സ് ദു:ഖത്തിലാഴ്ന്നു. ഇത്രയും നല്ലവനെയാണോ താൻ ശത്രുവായി കണ്ടത് എന്നോർത്തപ്പോൾ അയാളുടെ മനസ്സ് വിങ്ങിപ്പൊട്ടി. പെട്ടെന്നു തന്നെ ബാലന്റെ അടുക്കൽ ചെന്നു. എന്നിട്ട് ബാലന്റെ കാലുകളിൽ കിടന്ന് കരഞ്ഞു, പിന്നെ ബാലനെ അയാൾ കെട്ടിപ്പുണർന്നു. അയാൾ പറഞ്ഞു "ഇല്ല. ഇനിയില്ല . തെറ്റിദ്ധാരണകളാണ് നമ്മെ നശിപ്പിക്കുന്നത് . ഇനി നാം ശത്രുക്കളല്ല , മിത്രങ്ങളാണ് " .
സംഭവം എന്തെന്നറിഞ്ഞില്ലെങ്കിലും കുട്ടന്റെ അച്ഛൻ പറഞ്ഞു " ശരിയാടോ , നമ്മൾ മിത്രങ്ങളാണ് . ഇനിയെങ്കിലും നമുക്ക് അങ്ങനെ നല്ല മനസ്സിന് ഉടമകളായി, നല്ല സുഹൃത്തുക്കളായി ജീവിക്കാം" . അങ്ങനെ ഒരു അമ്മ മനസ്സ് കാരണമായി അവർ രണ്ടു കൂട്ടർ ഇന്ന് ഒരു വീട്ടുകാരായി ജീവിക്കുന്നു.കുട്ടനും അപ്പുവും സന്തോഷത്തിമിർപ്പിലാടി കളിച്ചു

-അഫ്സൽ ഷാജഹാൻ

9 F

# Can you guess?



1. The more you take ,the more you leave behind .What am I ?

2. A seven letter word containing thousands of words .

3. What can travel around the world by staying in the corner ?

4. What has ahead and a tail and no body ?

5. It's body contains holes but it can holds water ?

6. It's yours but it is used by others ?

7. Imagine your in a dark room . How will you get out ?

8. What kind of room has no doors and windows ?

9. I am an odd number , take away one letter , I become EVEN.

10.I cannot live alone without my pair.

Answers

1. Foot step
2. Mail box
3. Stamp
4. A coin
5. Sponge
6. Your name
7. Stop imagining
8. A mushroom
9. Seven
10.Pair of chappals

- Muhammed hisham
9 F

## ഉൽപാദനവും രാജ്യവും





1. തേയില ഉൽപാദിപ്പിക്കുന്ന രാജ്യം - ഇന്ത്യ
2. കാപ്പി ഉൽപ്പാദിപ്പിക്കുന്ന രാജ്യം - ബ്രസീൽ
3. കൽക്കരി ഉൽപ്പാദിപ്പിക്കുന്ന രാജ്യം - യു.എസ്.എ
4. റബ്ബർ ഉൽപ്പാദിപ്പിക്കുന്ന രാജ്യം - മലേഷ്യ
5. സ്വർണ്ണം ഉൽപ്പാദിപ്പിക്കുന്ന രാജ്യം - ദക്ഷിണാഫ്രിക്ക
6. അരി ഉൽപ്പാദിപ്പിക്കുന്ന രാജ്യം - ചൈന



- അനസ് വൈ.

# October 2









# Can it be...




Spread along the way
Under the Willow
The fallen dry leaves...
I stepped on one
And kept another in my palm
Could it be green again,
And be a part of the miracle,
The unending vegetation....
Can the ray of dawn give a hope...
Listened I for a while
And could hear a sob
Within the doomed cells
A wail of pathetic fate...
Once unexpectedly broken the stem
Dragged hair by the storm
And stopped the flow of beaming life...Silent..still..
But kept in heart
A handful of dreams...
.....tears rolled down....
Will it resurrect like a phoenix
Flutter and fly from the ashes?
And I
Not taken those wingless thoughts
Walked away.... Left behind the dreams....the tears...
Because it is not mine....and I don't know...
How could I......?



-REENU RAJ

# ആറ്റക്കിളിക്കൊരു താരാട്ട്



ആറ്റക്കിളിയേ കുഞ്ഞാറ്റേ നീ
പോകുന്നതെങ്ങോട്ടോ
പോകും വഴിയേ പോയാൽ പിന്നെ ഇങ്ങോട്ടില്ലായോ
എങ്ങുനിന്നോ വന്നൊരു പൈങ്കിളീ നിന്നൊയും കാത്തിരിപ്പൂ
ഏതേതോ ചില്ലയിലേറി പോകുന്നോ കുഞ്ഞാറ്റേ.
[ആറ്റക്കിളിയേ കുഞ്ഞാറ്റേ...]
കുഞ്ഞാറ്റേ നീ എങ്ങോട്ടാണീ പാറിപ്പോകുന്നേ
എന്തിനുനിന്റെ കുഞ്ഞിളം ചിറകുകൾ വീശിയകലുന്നൂ
കുഞ്ഞാറ്റേ നിന്റെ കുഞ്ഞിളം ചിറകുകൾ വേദനിക്കുലേ
കാറ്റിൻ സ്പർശനമേറ്റാലയ്യോ വേദനയകലൂല്ലേ.
[ആറ്റക്കിളിയേ കുഞ്ഞാറ്റേ...]
എങ്ങുനിന്നോ വന്നൊരു കാറ്റു വീശിയടിച്ചയ്യോ



നിന്റെ കുഞ്ഞിളം ചിറകുകൾ വേദനയാലേ
കണ്ണിലിരുട്ടായി
കണ്ണുകൾ പൂട്ടി പറന്നിറങ്ങി ആ ചില്ലയിലയ്യോ
ആ ചില്ലകളാ കുഞ്ഞാറ്റയ്ക്കൊരു കൂടൊരുക്കീല്ലോ.
[ആറ്റക്കിളിയേ കുഞ്ഞാറ്റേ ...]

ആറ്റക്കിളിയേ കുഞ്ഞാറ്റേ നീ പോകുന്നതെങ്ങോട്ടോ

പോകും വഴിയേ പോയാൽ  പിന്നെ ഇങ്ങോട്ടില്ലായോ....

പോകും വഴിയേ പോയാൽ  പിന്നെ ഇങ്ങോട്ടില്ലായോ.........

പോകും വഴിയേ പോയാൽ  പിന്നെ ഇങ്ങോട്ടില്ലായോ..............

-കൃഷ്ണദേവ്.എ
9F

# Beauty of Mathematics



1 X 8 +1 = 9
12X 8 + 2 = 98
123 X 8 + 3=987
1234 X 8 + 4 = 9876
12345 X 8 + 5 =98765
123456 X 8 + 6 = 987654
1234567 X 8 + 7 = 9876543
12345678 X 8 + 8 =98765432
123456789 X 8 + 9 =987654321



9 X 9 + 7= 88
98 X 9 + 6 =888
987 X 9 +5 =8888
9876 X 9 + 4 =88888
98765 X 9 + 3 =888888
987654 X 9 +2 = 8888888
9876543 X 9 + 1 =88888888

- Aadithya.R
**5D**

# വേമ്പനാടിന്റെ ഓളപ്പരപ്പിൽ ഒരു ദിനം





ആദിത്യ വിലാസം സ്കൂളിനെ വെറും ഒരു വിദ്യാലയം എന്നു വിശേഷിപ്പിക്കാൻ കഴിയില്ല. സർവ്വകലാശാല എന്നു തന്നെ പറയേണ്ടി വരും .അനുഭവങ്ങളുടെ സർവ്വകലാശാല. എന്തിനും തയ്യാറായി നിൽക്കുന്ന ഒരു കൂട്ടം അദ്ധ്യാപകരാണ് ആദിത്യ വിലാസം സ്കൂളിന്റെ വിജയം. അടുത്തിടെ പ്രധാന അദ്ധ്യാപകനായ സലിംഷാ സാറിനൊരു മോഹം എല്ലാവർക്കും കൂടി ഒരു ഹൗസ് ബോട്ടിങ്ങിനു പോയാലോ ..... എല്ലാവർക്കും സമ്മതം. അവധി ദിവസം നോക്കി,രണ്ടാം ശനിയാഴ്ച ഉറപ്പിച്ചു.

അങ്ങനെ 2019 ലെ ആദ്യ രണ്ടാം ശനിയാഴ്ച തഴവയിൽ നിന്നും കുട്ടനാട്ടിലേക്ക് യാത്ര പുറപ്പെട്ടു.കപ്പിത്താനായ സലിംഷാ സാറും നാല്പതു പേരും. പത്ത് മണി കഴിഞ്ഞപ്പോൾ ഞങ്ങൾ കുട്ടനാട്ടിൽ എത്തി.ഒരു വശത്ത് കായൽ ജലം കയറി കനാല് പോലെ ഒഴുകുന്നു. സമീപത്തുകൂടിയുള്ള ഇടുങ്ങിയ വഴിയിലൂടെ കായലിനെ ലക്ഷ്യമാക്കി ഞങ്ങൾ നടന്നു. ഞങ്ങളുടെ ഒച്ചയും ബഹളവും കേട്ട് വശങ്ങളിലെ മനോഹരമായ സൗധങ്ങളിൽ നിന്നും പൂച്ചക്കണ്ണുകളുമായി സായിപ്പൻമാരും മദാമ്മമാരും എത്തി നോക്കുന്നുണ്ടായിരുന്നു.ഞങ്ങൾക്കൊപ്പം ചില വിദേശികൾ നടക്കുന്നതും കൂടി കണ്ടപ്പോൾ ഇത് കേരളം തന്നെയാണോ എന്ന് ഒരു നിമിഷം സംശയിച്ചു. പത്തരയോടുകൂടി ഞങ്ങൾ ബോട്ടിൽ കയറി.റൂമുകളൊക്കെ കയറി കണ്ടു. അതിനു ശേഷം പൂമുഖത്തെത്തി ഇരിപ്പായി. ഫോട്ടോ ഷൂട്ടിങ്ങ്. ഗ്രൂപ്പായും ഒറ്റയ്ക്കും എല്ലാം ഫോട്ടോ എടുക്കുക. ഉടനെ സ്കൂൾ ഗ്രൂപ്പിലേക്ക് അയക്കുക .ഉദ്ദേശം മറ്റൊന്നുമല്ല, വരാത്തവരെ കൊതിപ്പിക്കുക അത്ര മാത്രം. കുറച്ചു കഴിഞ്ഞ് രണ്ട് ഗ്രൂപ്പായി തിരിഞ്ഞ്



അന്ത്യാക്ഷരി പാടിക്കളിച്ചു. എല്ലാവരും പ്രായം മറന്ന് മധുരപ്പതിനേഴിലേക്കൊക്കെ പോയി.ചുറ്റും കൊയ്ത്തു കഴിഞ്ഞ മനോഹരമായ പാടങ്ങൾ .... അവിടവിടെയായി നെൽക്കുമ്പാരങ്ങളും കറ്റക്കുമ്പാരങ്ങളും കാണുന്നുണ്ടായിരുന്നു.പാടവരമ്പുകളിലും സമീപത്തുകൂടി പോകുന്ന ഇലക്ട്രിക് ലൈൻ കമ്പികളിലും നിരന്നിരുന്ന് തപസനുഷ്ഠിക്കുന്ന കൊറ്റികളെയും ,പച്ച നിറത്തിന് പ്രാധാന്യം കൂടിയ പൊന്മാനകളെയും കണ്ടു. കുറച്ചു കൂടി മുന്നോട്ടെത്തിയപ്പോൾ വയലേലകൾ അപ്രത്യക്ഷമായി.ഇരുവശവും കണ്ടൽക്കാടുകൾ മാത്രമായി. അവയുടെ മുകളിൽ കരിമ്പടം മൂടിയ പോലെ എന്തോ കണ്ടു.അടുത്തേക്കെത്തിയപ്പോഴാണ് അത് എണ്ണിയാൽ തീരാത്ത അത്രയും നീർക്കാക്കകളാണെന്ന് മനസ്സിലായത്. ഇടക്ക് ചെറിയ തുരുത്തുകളും കാണാം.ഞങ്ങളുടെ ഹൗസ് ബോട്ടിന്റെ വശങ്ങളിലൂടെ സ്പീഡ് ബോട്ടുകളും മറ്റു ഹൗസ് ബോട്ടുകളും ഗതാഗത വകുപ്പിന്റെ യാത്രാബോട്ടുകളും യഥേഷ്ടം സഞ്ചരിക്കുന്നുണ്ടായിരുന്നു. എന്നാൽ കരിമീനിന്റെയും ചിക്കന്റെയും പപ്പടത്തിന്റെയും മണം എന്നെ ഞാൻ പോലുമറിയാതെ അടുക്കളയിലെത്തിച്ചു. അവിടെ നിന്ന് പാചകക്കാരുമായി അല്പം ലോഹ്യം കൂടി എല്ലാമൊന്നു രുചിച്ചു. ഒന്നുമറിയാത്തപോലെ തിരിച്ചു വന്നിരിക്കുകയും ചെയ്തു.

അകലെ നിന്നും വെള്ളത്തിനു മുകളിലൂടെ ആനകൾ വരുന്നതായി ഞങ്ങൾക്ക് തോന്നി. കുറച്ചു കൂടി അടുത്തെത്തിയപ്പോഴാണ് അത് കെട്ടിമറച്ച ഹൗസ് ബോട്ടുകളാണെന്ന് മനസിലായത്. ഇങ്ങനെ കാഴ്ചകളും കണ്ട് നട്ടുച്ചക്ക് കുട്ടനാടിന്റെ കുളിരിൽ മയങ്ങി ഇരുന്നപ്പോൾ കായൽ വിഭവങ്ങളുമായി ഊണെത്തി .ഊണ് കഴിക്കാനായി ഞങ്ങളുടെ വഞ്ചി ഒരു വശം ചേർത്ത് നിറുത്തി. ഊണിനു ശേഷം വഞ്ചിയിലുണ്ടായിരുന്ന ചൂണ്ടകൾ എടുത്ത് മീൻ പിടിക്കാൻ ഒരു ശ്രമം നടത്തി നോക്കി. പക്ഷേ എന്തോ, കൊല്ലത്തുകാരുടെ ചൂണ്ടകൾ ഇഷ്ടപ്പെടാഞ്ഞിട്ടെന്ന പോലെ ഒരു മീനും ആരുടെയും ചൂണ്ടയിൽ കൊത്തിയില്ല. നിരാശരായി വീണ്ടും ഞങ്ങൾ യാത്ര തുടർന്നു. ഇരുവശങ്ങളിലും ഈറ പോലെയുള്ള ഒരു തരം ചെടി പൊങ്ങി വളർന്നു നിൽക്കുന്ന വിശാലമായ കാടുകളും അവയ്ക്കിടയിലൂടെ പറക്കുന്ന തത്തകളെയും കണ്ടു. ഇതിനിടയിൽ ചിലരാകട്ടെ റൂമുകളിൽ പോയി സുഖനിദ്രയിലാണ്ടു.കായലിന്റെ നടുക്ക് കിടന്നുറങ്ങാനും വേണം ഒരു യോഗം. ഈ സമയം ഞങ്ങൾ കുറച്ചു പേർ ബോട്ടിന്റെ മേൽത്തട്ടിൽ കയറി. അവിടെയിരുന്ന് കാഴ്ചകൾ ആസ്വദിച്ചു. ഒപ്പം പ്രിയശിഷ്യൻ ഹിഷാമിന്റെ മാപ്പിളപ്പാട്ടും. അങ്ങനെ യാത്ര മുന്നോട്ടു പോകുമ്പോൾ വിജയലക്ഷ്മി ടീച്ചറിനൊരാഗ്രഹം, തിരുവാതിര കളിച്ചാലോ? എന്നാൽ ഒരു കൈ നോക്കാമെന്ന് ഞാനും. അങ്ങനെ ഉള്ളിൽ ഉറങ്ങിക്കിടന്ന ചുവടുകളെ പൊടിതട്ടിയെടുത്ത് ഒരൊന്നൊന്നര തിരുവാതിര ഞങ്ങൾ കളിച്ചു. ബോട്ടിന്റെ മുകളിലല്ലേ തിരുവാതിര നടക്കുന്നത്. ഓരോ ചുവടും ഞങ്ങൾ വച്ചപ്പോൾ ഉറങ്ങിക്കിടന്നവർ ഞെട്ടി ഉണർന്നു .അപ്പോഴേക്കും താഴെ ചായയും പഴമ്പൊരിയും തയ്യാറായി. ഞങ്ങൾ ചായ കുടിച്ച് കഴിഞ്ഞപ്പോഴേക്കും സമയം നാലുമണിയോടടുത്തു.ബോട്ട് യാത്ര തുടങ്ങിയ



സ്ഥലത്തേക്ക് മെല്ലെയടുത്തു.ഇത്ര പെട്ടെന്ന് ഒരു ദിവസം തീർന്നോ എന്ന ചോദ്യവുമായി എല്ലാരും ബോട്ടിൽ നിന്നും ഇറങ്ങി. പിന്നെ പാട്ടും ഡാൻസുമൊക്കെയായി ബസ് യാത്ര.ഒടുവിൽ ആറര മണി കഴിഞ്ഞപ്പോൾ ഞങ്ങൾ സ്കൂളിലെത്തി.അങ്ങനെ ഹൃദയ ഭാരങ്ങളെല്ലാം വേമ്പനാടിന്റെ ഓളങ്ങളിൽ ഒഴുക്കി പുതിയ പ്രതീക്ഷകളുമായി ഞങ്ങൾ ഓരോരുത്തരും യാത്ര പറഞ്ഞു പിരിഞ്ഞു.

വിധുമോൾ.എം

## എച്ച്.എസ്സ്.എ.മലയാളം.



# കാത്തിരിപ്പ്



കാത്തിരിക്കുന്നു ഞാൻ മലയാളഭാഷ തൻ
മാറിനെത്തൊട്ടു വണങ്ങിടുവാൻ.
അമ്മമനസ്സിലെ ദുഃഖങ്ങളൊക്കെയും
എന്നിലെ സ്പന്ദനമാക്കീടുവാൻ

തുഞ്ചന്റെ പൈങ്കിളിപാട്ടും മലയാളം
എന്നുമീ നാടിന്റെ നാഥധാര
വായിച്ചു വളരുവിൻ വായിച്ചു വിളയുവിൻ
മലയാളഭാഷതന്നീ സുഗന്ധം

കാത്തിരിക്കുന്നു ഞാൻ മൂകയായ് ഈ വഴി
കാത്തിരിക്കുന്നു ഞാൻ ഏകയായി
മലയാളഭാഷയെ വാനിലുയർത്തിടും
കാലമെത്താൻ പൂക്കാലമെത്താൻ

-ദേവി.പി
9G

## ക്രൂരനായ കരടിയുടെ ക്രൂരത മാറ്റിയ എലി



ഒരിക്കൽ ഒരു കാട്ടിൽ കുറേ മൃഗങ്ങളുണ്ടായിരുന്നു. അവരിൽ എല്ലാവരും അറിയപ്പെടുന്ന രണ്ട് മൃഗങ്ങളായിരുന്നു ഒരെലിയും പിന്നെ ഒരു കരടിയും. അവർ എന്നും തല്ലുകൂടുമായിരുന്നു. ഇവരിൽ എലി നിഷ്കളങ്കനും പാവത്താനുമായിരുന്നു. എന്നാലോ, കരടി ക്രൂരനായിരുന്നു. ഒരിക്കൽ കാട്ടിൽ ഓണം വന്നപ്പോൾ കാട്ടിലെ മൃഗങ്ങളെല്ലാം ഒത്തുകൂടി. കരടി വെറുതെയെല്ലാവരെയും പേടിപ്പിച്ചുകൊണ്ടിരുന്നു. എല്ലാവരെയും ഉപദ്രവിച്ചപ്പോൾ കാട്ടിലെ മൃഗങ്ങൾ എല്ലാവരുംകൂടി വിചാരിച്ചു. ദുഷ്ടനായ കരടിക്ക് ഒരു നല്ല പണി കൊടുക്കണമെന്ന്. പിന്നെ വൈകുന്നേരം എല്ലാവരും കളിച്ചുകൊണ്ടിരുന്നപ്പോൾ കരടി വടംവലി കളിക്കണമെന്ന് പറഞ്ഞ് വാശിപിടിച്ചു. അപ്പോൾ എല്ലാവരും സമ്മതിച്ചു. വടംവലി കളിച്ചു. ഒരുവശത്ത് കരടിയും മറുവശത്ത് കാട്ടിലെ എല്ലാ കൊച്ചുമൃഗങ്ങളുമായിരുന്നു. കരടി ആരോഗ്യവാനായതുകൊണ്ട് അവരെയെല്ലാം തോൽപ്പിക്കാനുള്ള തന്റേടം അവനുണ്ടായിരുന്നു. കരടി വടംവലി ജയിക്കാറായപ്പോൾ പെട്ടെന്ന് എലി വന്നു. വടം കടിച്ചുപൊട്ടിച്ചു. അപ്പോൾ കരടി നടുവടിച്ച് താഴെവീണു. അങ്ങനെ അവന് ഒരു കാര്യം മനസ്സിലായി. 'അവരെ ഞാൻ ഉപദ്രവിക്കുന്നതുപോലെ അവരെല്ലാംകൂടി എന്നെ ഉപദ്രവിച്ചാൽ ഞാനും ഇല്ലാതാകും. അതുകൊണ്ട് ഇനിമുതൽ ആരെയും ഉപദ്രവിക്കേണ്ട'. അങ്ങനെ അവന്റെ എല്ലാ അഹങ്കാരവും മാറി.

**BY**

**ദേവനാരായണൻ**
**5 B**

# നന്ദി

**അവതരണം:**
**ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് തഴവ**